# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കങ്ങഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.5-1416/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 18/10/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കങ്ങഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.5-1416/2023 തീയ്യതി: 18/10/2023

## കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-05-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 02-08-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 24-07-2023 | 02-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-07-2023 | 02-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ ആർ., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി അമ്പിളി എം. , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ഉണ്ണികൃഷ്ണൻ. എം, ഓഡിറ്റർ (ഹ.ഗ്രേ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റംല ബീഗം കെ. എസ്. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| മുഹമ്മദ് റഖീബ് റ്റി. എസ്. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശിൽപ വർക്കി | കൃഷി ഓഫീസർ | 01-04-2022 | 13-07-2022 |
| എൽദോ മാർക്കോസ് | കൃഷി ഓഫീസർ | 14-07-2022 | 08-01-2023 |
| അനിൽ സെബാസ്റ്റ്യൻ | കൃഷി ഓഫീസർ(ഇൻ-ചാർജ്) | 09-01-2023 | 13-03-2023 |
| ശിൽപ വർക്കി | കൃഷി ഓഫീസർ | 14-03-2023 | 31-03-2023 |
| ഡോ. ആതിര ജോർജ് | വെറ്റിനറി സർജൻ | 01-04-2022 | 25-09-2022 |
| ഡോ. ജ്യോതിസ് കെ. എം. | വെറ്റിനറി സർജൻ | 26-09-2022 | 31-03-2023 |
| ഡോ. വെങ്കിട്ടസ്വാമി ഇ. | മെഡിക്കൽ ഓഫീസർ-CHC | 01-04-2022 | 31-03-2023 |
| ഡോ. സൗമ്യ റ്റി. എ. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| മനോജ് റ്റി. എസ്. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കാനം) | 01-04-2022 | 31-03-2023 |
| മനോജ് റ്റി. എസ്. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പത്തനാട്) | 01-04-2022 | 20-04-2022 |
| ബ്രിങ്കിൾ പി. വൈ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(പത്തനാട്) | 21-04-2022 | 31-03-2023 |
| ചിന്റു റ്റി. കുട്ടപ്പൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 16-01-2023 |
| മഞ്ജു പി. പി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17-01-2023 | 31-03-2023 |
| മറീന എബ്രഹാം | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീനി ജി. | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 01-04-2022 | 31-03-2023 |
| ദിവ്യമോൾ ആർ. എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 05-12-2022 |
| റ്റോണി വർഗീസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 06-12-2022 | 31-03-2023 |
| തോമസ് വി. കുരുവിള | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| പ്രിയാമോൾ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാശം ലഭ്യമല്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല | 1-1-3 |
| 5 | Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | സർക്കാർ തിരിച്ചെടുത്ത 8,239/- രൂപ റിഡംഷനായി നിലനിർത്തുന്നു | 1-1-5 |
| 7 | മുൻകൂറായി ലഭിക്കുന്ന വരുമാനം-ക്രമീകരിക്കൽ വിവരം ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല | 1-1-6 |
| 8 | ജീവനക്കാരുടെ തൊഴിൽ നികുതി-അക്കൗണ്ടിങ്ങ് അപാകത | 1-1-7 |
| 9 | വാടക ഇളവ് അക്കൗണ്ട് ചെയ്തിട്ടില്ല | 1-1-8 |
| 10 | Capital Work In Progress രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-9 |
| 11 | മുൻകൂർ നൽകിയ തുക നിശ്ചിത ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-10 |
| 12 | മുൻകൂർ നൽകുന്നത് നേരിട്ട് ചെലവായും അക്രൂവലായും രണ്ട് രീതിയിൽ അക്കൗണ്ട് ചെയ്യുന്നു | 1-1-11 |
| 13 | മുൻകൂർ തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല | 1-1-12 |
| 14 | തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല | 1-1-13 |
| 15 | നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം അക്കൗണ്ട് ചെയ്യുന്നില്ല | 1-1-14 |
| 16 | ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല | 1-1-15 |
| 17 | വസ്തുനികുതി-Vacancy Remission അക്കൗണ്ട് ചെയ്യുന്നില്ല | 1-1-16 |
| 18 | ബജറ്റ്-വിശകലനം | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി | 1-6 |
| 23 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 24 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 25 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | ഓൺലൈൻ രസീത് വരവുകൾ - IKM ൽ നിന്നും തുക ലഭ്യമാകുന്നതി**ൽ** | 1-11 |

| | | |
|---|---|---|
| | കാലതാമസം നേരിടുന്നു | |
| 28 | ഷോപ്പിങ്ങ് കോംപ്ലക്സിന്റെ വസ്തുനികുതി-മേൽത്തരം തറനിർമ്മിതിക്ക് നികുതി വർദ്ധനവ് കണക്കാക്കിയില്ല | 1-12 |
| 29 | വസ്തുനികുതി പരിഷ്കരണം 2023 - പുരോഗതി അവലോകനം | 1-13 |
| 30 | തനത് വരുമാന സ്രോതസ്സുകൾ-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-14 |
| 31 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല – നികുതി വരുമാനം നഷ്ടമായി | 1-15 |
| 32 | ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-16 |
| 33 | ട്രേഡർമാരുടെ തൊഴിൽ നികുതി-കൃത്യമായ ഡിമാന്റ് നിർണ്ണയിച്ചിട്ടില്ല | 1-17 |
| 34 | കരാറുകാർ തൊഴിൽ നികുതി ഒടുക്കുന്നില്ല | 1-18 |
| 35 | പ്രൊഫഷണൽസിന്റെ വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ചുമത്തിയിട്ടില്ല | 1-19 |
| 36 | വാടക തുകയിന്മേൽ ചരക്ക് സേവന നികുതി ഈടാക്കിയില്ല | 1-20 |
| 37 | വാടക തുക പുതുക്കി നിശ്ചയിച്ചില്ല | 1-21 |
| 38 | പുതുക്കിയ നിരക്കിൽ വാടക തുക ഈടാക്കിയില്ല | 1-22 |
| 39 | FACTEOS ലൈസൻസ് - വിവിധ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്നില്ല | 1-23 |
| 40 | ഓഡിറ്റ് ഇംപാക്ട് - FACTEOS ലൈസൻസ് - മോട്ടോർ ഫീ ഇനത്തിലുള്ള തുക ഈടാക്കി | 1-24 |
| 41 | മണ്ണ് ലേലം -വാല്യുവേഷൻ നടത്താതെ ലേല നടപടികൾ ആരംഭിച്ചു-ഗ്രാമപഞ്ചായത്തിന് നഷ്ടം | 1-25 |
| 42 | വളർത്തുനായ്ക്കൾക്ക് ലൈസൻസ്-നടപടികളിൽ അപാകത | 1-26 |
| 43 | ഇ-ടെൻഡർ ഫീസ് -ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചില്ല | 1-27 |
| 44 | ഇടയിരിക്കപ്പുഴ കാർഷിക പുനർജീവന കേന്ദ്രം-തുടർ നടപടികൾ അവശേഷിക്കുന്നു | 1-28 |
| 45 | വ്യക്തിഗത മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-29 |
| 46 | തൊഴിലുറപ്പ്/സാക്ഷരത മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു | 1-29-1 |
| 47 | നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-29-2 |
| 48 | പൊതു ടാപ്പുകളുടെ വെള്ളക്കരം-കുടിശ്ശിക ഒഴിവാക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ് | 1-30 |
| 49 | ഇ-ടോയ്‌ലറ്റ് ഉപയോഗയോഗ്യമാക്കേണ്ടതാണ് | 1-31 |
| 50 | മാലിന്യ പരിപാലനം - എം സി എഫിൽ കെട്ടിക്കിടക്കുന്ന മാലിന്യം നീക്കം ചെയ്യുന്നതിനുള്ള നടപടി ഫലപ്രദമല്ല | 1-32 |

| | | |
|---|---|---|
| 51 | ജിഎസ് ടി- സ്രോതസ്സിൽ കുറവ് വരുത്തേണ്ട വിഹിതം കുറവ് ചെയ്തില്ല | 1-33 |
| 52 | ടേക്ക് എ ബ്രേക്ക് -പ്രവർത്തനസജ്ജമാക്കിയിട്ടില്ല | 1-34 |
| 53 | ശ്മശാന നവീകരണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-35 |
| 54 | പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-36 |
| 55 | ആസ്തി പരിപാലനം | 1-37 |
| 56 | പകൽവീട് | 1-38 |
| 57 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കഞ്ഞഴ ഗ്രാമ പഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 22/06/2023 തീയതിയിലെ1/1 തീരുമാനം പ്രകാരം അംഗീകരിച്ച് 23/06/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക പ്രസ്താവനകളും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214(4) പ്രകാരവും ത്രിതല പഞ്ചായത്തുകൾക്ക് ബാധകമായ 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3, കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ച് ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കഞ്ഞഴ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല

31/03/2023 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ (OBRP Data) സൂക്ഷിച്ചിട്ടില്ല.

### 1-1-2 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന അടിസ്ഥാന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2022-23 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ് ആസ്തി-റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ച്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസും പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

### 1-1-4 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

### 1-1-5 സർക്കാർ തിരിച്ചെടുത്ത 8,239/- രൂപ റിഡംഷനായി നിലനിർത്തുന്നു

പഞ്ചായത്തിന്റെ സംയുക്ത പ്രോജക്ട് അക്കൗണ്ടിലുണ്ടായിരുന്ന 414,872/- രൂപ സർക്കാർ 2022-23 വർഷം റിക്കവർ ചെയ്തിരുന്നു. പഞ്ചായത്ത് ഫണ്ടിൽ സംയുക്ത പ്രോജക്ട് ഫണ്ടായി 406,633/- രൂപയാണ് ബാധ്യതയായി അവശേഷിച്ചിരുന്നത്. സംയുക്ത പ്രോജക്ട് ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പ് മുഴുവൻ സർക്കാർ തിരിച്ചെടുത്തപ്പോൾ ബാധ്യതയായിരുന്ന 406,633/- രൂപ ഗ്രാന്റ് തിരിച്ചടവായും ബാക്കി തിരിച്ച് ലഭ്യമാകുന്ന 8,239/- രൂപ റിഡംഷനായുമാണ് അക്കൗണ്ട് ചെയ്തത്. സർക്കാർ റിക്കവർ ചെയ്ത 8,239/- രൂപ ഉൾപ്പടെയാണ് 31/03/2023 ലെ റിഡംഷൻ നീക്കിയിരിപ്പ് 3,163,410/-. 2023-24 വർഷം 04/04/2023 ൽ 3,155,171/- രൂപയാണ് തിരികെ ലഭിച്ചത്. തിരിച്ചു ലഭിക്കാത്ത റിക്കവറി ആയതിനാൽ റിഡംഷൻ ശീർഷകത്തിലെ 8,239/- രൂപ തൻവർഷം ചെലവായി ക്രമീകരിക്കേണ്ടതാണ്.

### 1-1-6 മുൻകൂറായി ലഭിക്കുന്ന വരുമാനം-ക്രമീകരിക്കൽ വിവരം ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല

വിവിധ നികുതി-നികുതിയേതര വരവുകൾ മുൻകൂറായി ലഭിക്കുന്നവയുടെ വിവരവും അവയുടെ ക്രമീകരിക്കലും ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി അവയുടെ ക്രമീകരിക്കൽ നിരീക്ഷിക്കുന്നില്ല. ഡിമാന്റ് രജിസ്റ്റർ പ്രകാരം ഏതെല്ലാം വരവുകൾ മുൻകൂർ ലഭിച്ചു, തൻവർഷത്തെ വരുമാനം മുഴുവനായും ക്രമീകരിച്ചോ തുടങ്ങിയ വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കാനാകുന്നില്ല.

### 1-1-7 ജീവനക്കാരുടെ തൊഴിൽ നികുതി-അക്കൗണ്ടിങ്ങ് അപാകത

ജീവനക്കാരുടെ 2022-23 തൊഴിൽ നികുതി കളക്ഷൻ രജിസ്റ്റർ പ്രകാരം 996,230/- രൂപയാണ്. മുൻവർഷത്തെ നികുതി ഒടുക്കിയത് കൂടി തൻവർഷ നികുതി ശീർഷകത്തിലാണ് ഒടുക്കിയത് (ആകെ-1,074,440/-). മുൻവർഷ നികുതി ഒടുക്കുന്നത് Prior Period Tax ആയിട്ടായിരുന്നു അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്.

1-1-8 വാടക ഇളവ് അക്കൗണ്ട് ചെയ്തിട്ടില്ല

X/287 നം. കെട്ടിടത്തിന്റെ 2022-23 ലെ 8 മാസങ്ങളിലെ കെട്ടിട വാടക 4,400/- രൂപ ഇളവ് നൽകിയത് ഒഴിവാക്കിയാണ് ഡിമാന്റ് തുക അക്കൗണ്ട് ചെയ്തത്. ആകെ ഡിമാന്റ് അക്കൗണ്ട് ചെയ്ത ശേഷം, ഇളവ് തുക ഇളവ് ചെയ്തതായി (Exemption) ക്രമീകരിക്കുകയായിരുന്നു ചെയ്യേണ്ടത്. അക്കൗണ്ടിങ്ങ് അപാകത മൂലം വാടക ഇളവ് ഇടപാട് വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

1-1-9 Capital Work In Progress രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ച് ഇടപാടുകൾ നിരീക്ഷിക്കാത്തതിനാൽ പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടോ എന്നതിൽ വ്യക്തതയില്ല.

1-1-10 മുൻകൂർ നൽകിയ തുക നിശ്ചിത ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല

പ്രോജക്റ്റ് നം.169/23 പ്രകാരം നാഷണൽ ഹെൽത്ത് മിഷനിൽ(NHM) 5 ലക്ഷം രൂപ മുൻകൂർ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത മൂലം ടി തുകയുടെ നിക്ഷേപം 31/03/2023 ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതാണ്.

1-1-11 മുൻകൂർ നൽകുന്നത് നേരിട്ട് ചെലവായും അക്രൂവലായും രണ്ട് രീതിയിൽ അക്കൗണ്ട് ചെയ്യുന്നു

മുൻകൂറുകൾ നൽകുന്നത് നേരിട്ട് ചെലവായി മുൻകൂർ ശീർകത്തിലും അക്രൂവലായും രണ്ട് രീതിയിൽ അക്കൗണ്ട് ചെയ്യുന്നു. 2022-23 വർഷം തൊഴിലുറപ്പിന് മുൻകൂർ നൽകിയ 1,068,674/- രൂപയിൽ 237,891/- രൂപ നേരിട്ട് ചെലവായും 830,783/- രൂപ അക്രൂവലായിട്ടുമാണ് ചെലവ് അക്കൗണ്ട് ചെയ്തത്. മുൻകൂർ നൽകുന്നത് മുൻകൂർ ശീർഷകത്തിൽ നേരിട്ട് ചെലവായിട്ടാണ് അക്കൗണ്ട് ചെയ്യേണ്ടത്.

1-1-12 മുൻകൂർ തുക കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തില്ല

സാക്ഷരത പ്രേരകമാർക്ക് 2017 ൽ നൽകിയ മുൻകൂർ 60,779/- രൂപ ക്രമീകരിക്കാതെ തുടരുന്നത് Advance To Others ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. Advance To Saksharatha ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. അപാകത പരിഹരിക്കുമെന്നാണ് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയിൽ അറിയിച്ചത്. അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതാണ്.

1-1-13 തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം-കൃത്യമായ ഡേറ്റ ലഭ്യമായില്ല

ആസ്തികൾ സൃഷ്ടിക്കുന്ന പ്രോജക്റ്റ് ചെലവ് എല്ലാം സുസ്ഥിര ആസ്തി ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടോ എന്നതിന് ആധികാരികമായ ഡേറ്റ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ 2022-23 വർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ മൂല്യം 31/03/2023 ബാലൻസ് ഉൾപ്പെട്ടോ എന്നതിന് വ്യക്തതയില്ല. ഫണ്ട് അടിസ്ഥാനത്തിലും വിവിധ പ്രോജക്റ്റ് അടിസ്ഥാനത്തിലും ആസ്തി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-1-14 നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം അക്കൗണ്ട് ചെയ്യുന്നില്ല

നേരിട്ടുള്ള ഗുണഭോക്തൃ വിഹിതം ചെലവഴിക്കുന്നത് ജേർണൽ വൗച്ചർ മുഖേന അക്കൗണ്ട് ചെയ്തിട്ടില്ല(212/23-8,600/-, 141/23-60,000/-, 80/23-9ലക്ഷം). നേരിട്ടുള്ള ഗുണഭോക്തൃ വിഹിതം ചെലവ് അക്കൗണ്ട് ചെയ്യാത്തതിനാൽ പ്രോജക്റ്റിന്റെ ആകെ ചെലവ് ധനകാര്യ പത്രികയിലും ചെലവ് പത്രികയിലും കൃത്യമായി പ്രതിഫലിക്കാതെ വരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിക്വസിഷന്റെ അടിസ്ഥാനത്തിൽ നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം Indirect Expenditure ആയി അക്കൗണ്ട്

ചെയ്യേണ്ടതാണ്.

### 1-1-15 ചെലവുകൾ കൃത്യമായ ശീർഷകത്തിൽ അക്രൂവൽ ചെയ്യുന്നില്ല

ILGMS സോഫ്റ്റ്‌വെയർ ആരംഭിച്ചതിനു ശേഷം പഞ്ചായത്ത് ഫണ്ടിൽ നിന്ന് നേരിട്ട് നടത്തുന്ന ചെലവുകൾ (ബാങ്ക് അക്കൗണ്ടിൽ നിന്നുള്ള പിൻവലിക്കലുകൾ) അക്രൂവൽ ആയിട്ടാണ് അക്കൗണ്ട് ചെയ്യുന്നത്. 2022-23 വർഷത്തെ കണ്ടിജന്റ് ചെലവുകൾ എല്ലാം 350109999-Amount Payable To Other Creditors എന്ന ശീർഷകത്തിലേക്ക് അക്രൂവലായി അക്കൗണ്ട് ചെയ്ത ശേഷമാണ് ചെലവ് ചെയ്തിരിക്കുന്നത്. തൻവർഷം 2.17 കോടിയോളം രൂപ ടി ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്യുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെലവുകൾ ഇനം തിരിച്ച് തന്നെ ബാധ്യത ശീർഷകങ്ങൾ ലഭ്യമായിരുന്നിട്ടും മേൽപറഞ്ഞ ഒരു ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്.

| ശീർഷകം | കണക്ക് ശീർഷകത്തിന്റെ പേര് |
|---|---|
| 350100101 | Amount Payable To Suppliers |
| 350100201 | Amount Payable To Contractors |
| 350100301 | Amount Payable To Conveners |
| 350100401 | Amount Payable To Professionals |
| 350100501 | Amount Payable To Elected Representatives |
| 350100901 | Amount Payable To KSEB |
| 350100902 | Amount Payable To Telephone Charge |
| 350100903 | Amount Payable To KWA |

ഉദാഹരണമായി പഞ്ചായത്ത് ഭരണസമിതി മെമ്പർമാർക്കുള്ള ഓണറേറിയം 350100501 ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്യേണ്ടതായിരുന്നു. വൈദ്യുതി ചാർജ് 350100901 ശീർഷകത്തിലേക്ക് അക്രൂവൽ ചെയ്തായിരുന്നു ചെലവഴിക്കേണ്ടത്. ചെലവുകൾ അക്രൂവൽ ചെയ്യുന്നതിലെ അപാകത 2023-24 വർഷം പരിഹരിക്കേണ്ടതാണ്. ഈ വിഷയത്തിൽ IKM-ന്റെ സഹായത്തോടെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-16 വസ്തുനികുതി-Vacancy Remission അക്കൗണ്ട് ചെയ്യുന്നില്ല

2022-23 Vacancy Remission രജിസ്റ്റർ പ്രകാരം ഒന്നാം അർദ്ധവർഷം 12 കെട്ടിട ഉടമകൾക്കും രണ്ടാം അർദ്ധവർഷം 9 കെട്ടിട ഉടമകൾക്കും വിവിധ കെട്ടിടങ്ങൾക്ക് നികുതിയിളവ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആകെ എത്ര രൂപ നികുതിയിളവ് അനുവദിച്ചു എന്ന് രജിസ്റ്ററിൽ ചേർത്തിട്ടില്ല. നികുതിയിളവ് ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. ആകെ ഡിമാന്റ് അക്കൗണ്ട് ചെയ്ത ശേഷം ഇളവ് ചെയ്ത തുക ജേർണൽ വൗച്ചർ മുഖേന ക്രമീകരിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. അപാകത പരിഹരിക്കേണ്ടതാണ്.

### 1-2 ബജറ്റ്-വിശകലനം

2022-23 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 26/03/2022 ലെ 1(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് |
|---|---|
| മുന്നിരിപ്പ് | 21,058,134/- |
| വരവ് | 162,122,105/- |
| ആകെ | 183,180,239/- |

| | |
|---|---|
| ചെലവ് | 180,449,000/- |
| നീക്കിയിരിപ്പ് | 2,731,239/- |

ബജറ്റ് പ്രകാരം 16.21 കോടി രൂപ വരവും 18 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 10.33 കോടി രൂപയും ചെലവ് 10.23 കോടി രൂപയുമാണുള്ളത്. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവുകൾ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുന്നത് മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് മേഖലാടിസ്ഥാനത്തിലുള്ള വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപ-ശീർഷകങ്ങളായി (Sub-Head) അലോട്ട്മെന്റുകൾ കൂടി കണക്കാക്കി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീറ്റ് & പേമെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് (01/04/2022) | 14,834,834/- |
| ഓഡിറ്റ് വർഷത്തെ വരവ് (Receipt) | 33,431,488/- |
| ആകെ | 48,266,322/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (Payment) | 38,177,684/- |
| നീക്കിയിരിപ്പ് (31/03/2023) | 10,088,638/- |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം (Income) | 103,331,796/- |
| ഓഡിറ്റ് വർഷത്തെ ചെലവ് (Expenditure) | 102,315,277/- |
| പ്രവർത്തന മിച്ചം (Gross Surplus) | 1,016,519/- |
| ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | -(4,247/-) |
| അറ്റ പ്രവർത്തനമിച്ചം (Net Surplus) | 1,012,272/- |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,803,009/- |

## 1-4 ഗ്രാന്റ് വിനിയോഗം

കഞ്ഞഴ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗം എ.സി.ആർ. പ്രകാരമുള്ളത് പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 14,534,000/- | 14,534,000/- | 13,821,773/- | 712,227/- | 95.1 |
| വികസന ഫണ്ട്-SCSP | 0 | 3,529,000/- | 3,529,000/- | 3,347,007/- | 181,993/- | 94.84 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 944,566/- | 2,569,110/- | 3,513,676/- | 2,786,565/- | 727,111/- | 79.31 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 1,173,708/- | 4,531,963/- | 5,705,671/- | 4,199,303/- | 1,506,368/- | 73.60 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 6,368,000/- | 6,368,000/- | 5,932,909/- | 435,091/- | 93.17 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 4,793,000/- | 4,793,000/- | 4,310,448/- | 482,552/- | 89.93 |
| ഗ്രന്ഥശാല ഗ്രാന്റ് | 16,458/- | 15,580/- | 32,038/- | 15,644/- | 16,394/- | - |
| ICDS ഫണ്ട് | 115,094/- | 805,026/- | 920,120/- | 291,242/- | 628,878/- | - |
| സാക്ഷരത ഗ്രാന്റ് | 1,439/- | 57/- | 1,496/- | 0 | 1,496/- | - |
| ശുചിത്വ മിഷൻ | 607,680/- | 233,870/- | 841,550/- | 598,973/- | 242,587/- | - |
| ആരോഗ്യ ഗ്രാന്റ്-1 | 0 | 515,009/- | 515,009/- | 250,061/- | 264,948/- | - |
| ആരോഗ്യ ഗ്രാന്റ്-2 | 0 | 339,097/- | 339,097/- | 0 | 339,097/- | - |
| ജലനിധി ഗ്രാന്റ് | 3,584,761/- | 52,627/- | 3,637,388/- | 3,037,155/- | 600,233/- | - |
| ലൈഫ് മിഷൻ | 0 | 2,100,000/- | 2,100,000/- | 2,100,000/- | 0 | - |
| ഗുണഭോക്തൃ വിഹിതം | 1,196/- | 925,598/- | 926,794/- | 925,190/- | 1,604/- | - |
| Swach Bharat | 0 | 686,375/- | 686,375/- | 686,375/- | 0 | - |

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളിൽ ഗ്രന്ഥശാല ഗ്രാന്റ്, ജലനിധി എന്നിവയിൽ നിന്നുള്ള ചെലവ് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമല്ല. പ്രോജക്ടിതരമായിട്ടാണ് ടി ഗ്രാന്റുകൾ ചെലവഴിക്കുന്നത്.

വികസന ഫണ്ടിൽ നിന്ന് KURDFC വായ്പ തിരിച്ചടവിനും അങ്കണവാടി ഹോണറേറിയത്തിനും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ 23/06/2022 ലെ G.O.(Rt) No.4585/2022/Fin പ്രകാരം ട്രഷറിയിൽ ലഭിച്ച അധിക അലോട്ട്മെന്റിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഒ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 14,534,000/- | ഇല്ല | 14,534,000/- | 213/23-306,600/-<br>214/23-306,600/-<br>219/23-306,600/-<br>215/23-562,680/-<br>220/23-562,680/-<br>ആകെ-2,045,160/- | 12,488,840/- |
| വികസന ഫണ്ട്-SCSP | 3,529,000/- | ഇല്ല | 3,529,000/- | 216/23-171,340/-<br>221/23-171,340/-<br>ആകെ-342,680/- | 3,186,320/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Untied | 2,384,000/- | 61,450/-<br>123,660/- | 2,569,110/- | ഇല്ല | 2,569,110/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | 3,577,000/- | 954,963/- | 4,531,963/- | ഇല്ല | 4,531,963/- |

ആകെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാതെയുള്ള തുക 2,233,479/- രൂപയിൽ 1,969,299/- രൂപ ബാങ്കിൽ(South Indian Bank Account No.0103053000010150) നീക്കിയിരിപ്പായി അവശേഷിക്കുന്നു. ക്യാരി ഓവർ വിഹിതം ട്രഷറി അലോട്ട്മെന്റായി ലഭിച്ച 1,016,413/- രൂപയിൽ (Untied-61,450/-, Tied-954,963/-) ചെലവഴിക്കാത്ത 264,180/- രൂപയാണ് പഞ്ചായത്തിന് ലാപ്സായത്. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. കേന്ദ്രാവിഷ്കൃത ഫണ്ടായ ആരോഗ്യ ഗ്രാന്റിന്റെ 170/23 നം. പ്രോജക്ട് പ്രകാരമുള്ള 250,061/- രൂപയുടെ ചെലവ് കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവായി ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. പ്രോജക്ടിന്റെ ആകെ ചെലവിൽ ടി ഫണ്ട് ചെലവ് ഉൾപ്പെട്ടിട്ടുണ്ട്.
3. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ട് അക്കൗണ്ടിന്റെ 2022-23 വർഷത്തെ പലിശ 123,660/- രൂപ അലോട്ട്മെന്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ എ.സി.ആറിലെ അലോട്ട്മെന്റിൽ ടി തുകയുടെ വ്യത്യാസം നിലനിൽക്കുന്നു.
4. ശുചിത്വ മിഷൻ ഗ്രാന്റിൽ നിന്നുള്ള ചെലവ് കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവായും സംസ്ഥാനാവിഷ്കൃത ഫണ്ട് ചെലവായും ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നു.
5. ഗുണഭോക്തൃ വിഹിതം തുകയുടെ ചെലവ് ധനകാര്യ പത്രിക പ്രകാരമുള്ളത് സുലേഖ ചെലവ് പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗസാക്ഷ്യപത്രം നൽകുന്നത്.

## 1-5 പദ്ധതി അവലോകനം

14-ാം പഞ്ചവത്സരപദ്ധതിയിലെ (2022-27) ആദ്യ വാർഷികപദ്ധതിയ്ക്ക് (2022-23) 21-2-23ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ I.(1)-ാം നമ്പർ തീരുമാനപ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതിയുടെ 6-3-2023 ലെ 82898/22/DPC/DPO/KTM നം. ഉത്തരവ് പ്രകാരം ഭേദഗതി നിർദ്ദേശങ്ങളോടെ വാർഷികപദ്ധതിയ്ക്ക് അന്തിമ അംഗീകാരം ലഭിച്ചു. വാർഷികപദ്ധതിയിൽ 29

സ്പിൽഓവർ പ്രോജക്ടുകളും 152 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 181 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 9,66,75,205/-രൂപയാണ്. വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാരംഭനടപടികളായ ആസൂത്രണസമിതി രൂപീകരണം, വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം, സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽ വികസനരേഖ തയ്യാറാക്കൽ, വികസനസെമിനാർ എന്നിവ നിശ്ചിതസമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 11-01-2022 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 13-01-2022 |
| ഗ്രാമസഭ | 14-1-22, 25-5-22 |
| വികസനസെമിനാർ | 17-01-2022, 16-6-22 |
| പദ്ധതി അന്തിമമാക്കൽ -<br>ജനറൽ കമ്മറ്റി അംഗീകാരം | 21-02-2023 |

പദ്ധതിനിർവ്വഹണം

അംഗീകാരം ലഭിച്ച 181 പ്രോജക്ടുകളിൽ 137 എണ്ണം തൻവർഷം നടപ്പാക്കിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നായി വാർഷികപദ്ധതിയുടെ ആകെ ചെലവ് 4,82,24,767/- രൂപയാണ്. ചെലവ് 50%. തനത്ഫണ്ട് ചെലവുതുകകൾ വെബ്സുലേഖയിൽ ചേർത്ത് സാംഖ്യാ സോഫ്റ്റ്വെയറുമായി ഇന്റഗ്രേഷൻ നടത്തിയതിൽ വന്ന പിശകാണ് ചെലവു ശതമാനം കുറയുന്നതിനിടയാക്കിയത്. മേല്പറഞ്ഞ വസ്തുതകൾ ഭരണസമിതിയുടെയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പരിഗണനയ്ക്ക് വിധേയമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | തയ്യാറാക്കിയ പ്രോജക്റ്റുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്റ്റുകളുടെ എണ്ണം | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 7 | 637100 | 334135 | 52 |
| വെറ്ററിനറി സർജൻ | 12 | 12 | 31,54,800 | 31,49,507 | 99.8 |
| സെക്രട്ടറി | 61 | 40 | 1,75,01,911 | 1,15,04,657 | 66 |
| മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 6 | 5 | 16,43,730 | 8,95,951 | 55 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 2 | 2 | 3,50,000 | 3,50,000 | 100 |
| വിഇഒ-1 | 9 | 5 | 1,49,93,425 | 65,65,400 | 44 |
| വിഇഒ-2 | 8 | 8 | 99,93,666 | 41,99,632 | 42 |
| ഐസിഡിഎസ് സൂപ്പർവൈസർ | 10 | 7 | 50,00,219 | 36,92,210 | 74 |
| ഹെഡ്മാസ്റ്റർ | 2 | 1 | 225000 | 200000 | 80 |

| | | | | | |
|---|---|---|---|---|---|
| ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 44,86,000 | 20,17,145 | 45 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 48 | 39 | 3,49,74,354 | 1,34,46,430 | 38 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 7 | 21,15,000 | 18,06,500 | 85 |
| ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 16,00,000 | 63200 | 4 |
| ആകെ | 181 | 137 | 9,66,75,205 | 4,82,24,767 | 50 |

അസിസ്റ്റന്റ് എഞ്ചിനീയർ, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ, ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ എന്നിവർക്ക് 60% ൽ താഴെ മാത്രമേ തുക ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ആയത് ആകെ ചെലവിൽ സാരമായ കുറവ് വരുത്തിയിട്ടുണ്ട്.

സെക്രട്ടറി നടപ്പാക്കിയ പ്രവൃത്തികളിൽ ഭൂരിഭാഗവും നിക്ഷേപ/വിഹിതം കൈമാറൽ പ്രവൃത്തികളായിരുന്നു. വൈദ്യുതിബോർഡ്, വാട്ടർ അതോറിറ്റി, ഭൂജലവകുപ്പ് എന്നീ നിർവ്വഹണ ഏജൻസികളിലായി വൻതുക നിക്ഷേപിച്ചിട്ടുണ്ട്. കൃത്യമായ ആവശ്യകതാനിർണ്ണയം നടത്താതെയും വിശദമായ പഠനം നടത്താതെയുമാണ് പ്രോജക്ടുകൾ നടപ്പാക്കിയത്. കരാർ കാലാവധിയ്ക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ/പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 2022-23 വർഷത്തെ വാർഷികകണക്കുകൾ പ്രകാരം വിവിധ വർഷങ്ങളിലായി കെഎസ്ഇബിയിൽ 2,629,769/- രൂപ, വാട്ടർ അതോറിറ്റിയിൽ 4,446,000/-രൂപ, ഭൂജലവകുപ്പിൽ 1,981,150/-രൂപ വീതം വിവിധ പ്രവൃത്തികൾക്ക് നിക്ഷേപിച്ച തുക വിനിയോഗിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വികസനപ്രവർത്തനങ്ങൾക്ക് ലഭ്യമായ ഫണ്ടിന്റെ നല്ലൊരുഭാഗം നിർവ്വഹണഏജൻസികളുടെ അക്കൗണ്ടിൽ നിഷ്ക്രിയമായി ശേഷിക്കുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

സഞ്ചിതനിധിയിലേയ്ക്ക് 20.76 ലക്ഷത്തിലധികം രൂപ തിരികെ എടുക്കപ്പെട്ടു

പ്രോജക്ടുകൾ നടപ്പാക്കാത്തതിനാലും സമയബന്ധിതമായി ബില്ലുകൾ മാറാത്തതിനാലും ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 712,227/- |
| വികസന ഫണ്ട്-SCSP | 181,993/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- | 264,180 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 435,091 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 482,552 |
| ആകെ | 20,76,043/ - |

തുടർന്നുള്ള വർഷങ്ങളിൽ ക്യാരി ഓവർ വിഹിതം കിട്ടിയില്ലയെങ്കിൽ ഫണ്ടുകൾ പൂർണ്ണമായി നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. കഴിയുന്നതും പ്രാവർത്തികമാക്കാവുന്നതും പ്രയോജനപ്രദവുമായ പ്രോജക്ടുകൾ തയ്യാറാക്കുകയും സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്ത് ഫണ്ട് നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ വരും വർഷങ്ങളിൽ സ്വീകരിയ്ക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ പ്രസ്തുത വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

മോണിറ്ററിംഗ്

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2022-23 വർഷം 90 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 15 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 213 കുടുബങ്ങൾക്ക് 100 ദിവസം തൊഴിൽ ലഭിച്ചു. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 761 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 214 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 67 പ്രവൃത്തികൾ പൂർത്തീകരിച്ചു. 33383 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 150 അയൽക്കൂട്ടങ്ങളിൽ 150 എണ്ണവും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 689 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി, തടയണ, കിണർ, പടുതാകുളം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2022-23 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് (01/04/2022) | 4,955/- | | |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 584,637/- | | |
| പലിശ വരവ് | 3,115/- | | |
| ആകെ DBT വരവ് | 15,661,105/- | ആകെ DBT ചെലവ് | 15,661,105/- |
| തനത് ഫണ്ടിൽ നിന്ന് മുൻകൂർ | 1,068,674/- | ശമ്പളം | 1,040,407/- |
| | | പ്രിന്റിങ്ങ് & സ്റ്റേഷനറി | 23,140/- |
| | | മെഡിക്കൽ ചെലവ് | 5,127/- |
| | | തനത് ഫണ്ടിലേക്ക് മുൻകൂർ തിരിച്ചടവ് | 584,637/- |
| | | നീക്കിയിരിപ്പ്(31/03/2023) | 8,070/- |
| ആകെ | 17,322,486/- | ആകെ | 17,322,486/- |

തൊഴിലുറപ്പ് പ്രവൃത്തികൾക്ക് ചെലവഴിച്ച 1.57 കോടി രൂപയിൽ 1.32 കോടി രൂപ റവന്യൂ ചെലവായും 24.77 ലക്ഷം രൂപ ആസ്തി സൃഷ്ടിച്ചതായി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായും അക്കൗണ്ട് ചെയ്തിട്ടുണ്ട്. തൊഴിലുറപ്പ് ഫണ്ടിന്റെ ചെലവ് വിശദാംശം റവന്യൂ-ക്യാപ്പിറ്റൽ വേർതിരിച്ച് ലഭ്യമാക്കിയിട്ടുണ്ട്. റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികളാണ് പഞ്ചായത്തിന്റെ സുസ്ഥിര ആസ്തിവികസനമായി നടപ്പാക്കിയത്.

1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2022-23 വർഷം കങ്ങഴ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 8,640/- | 5 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 20,150,800/- | 1882 |
| കർഷകതൊഴിലാളി പെൻഷൻ | 1,920,800/- | 170 |
| വിധവാപെൻഷൻ | 7,306,600/- | 699 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 318,400/- | 206 |
| വികലാംഗപെൻഷൻ | 2,045,800/- | 206 |
| വിവാഹ ധനസഹായം | 180,000/- | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 24.07.2023 തീയതിയിൽ 03.20 PM -ന് അക്കൗണ്ടന്റ്, ക്യാഷ് കൗണ്ടർ ക്ലർക്ക് എന്നിവരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം, 29,290/- രൂപ ക്യാഷ് വരവിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവേ തൃപ്തികരമാണ്. ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്വങ്ങൾ നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ചെലവ് വൗച്ചറുകളും അനുബന്ധ രേഖകളുടെയും സൂക്ഷിപ്പ് പൊതുവിൽ തൃപ്തികരമാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, സർക്കാരിലേക്ക് ഒടുക്കാനുള്ള വിവിധ തുകകളുടെ വിനിമയം സൂചിപ്പിക്കുന്ന രജിസ്റ്റർ എന്നിവ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെയും, വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേര്, മേൽവിലാസം എന്നിവ രേഖപ്പെടുത്തിയ മാസ്റ്റർ ഇംകുമ്പൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സ്യൂട്ട് രജിസ്റ്ററിൽ എല്ലാ കേസുകളും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡിസ്പോസൽ , ഓരോ ഘട്ടങ്ങളിലേയും വിശദാംശങ്ങൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയോ പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്ററുകളുടെയും രേഖകളുടെയും പരിപാലനം കൃത്യമാക്കുന്നതിനും, ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/07/2022 – 12/07/2022 | 07/2021 മുതൽ 03/2022 വരെ | നം.A1/100 തീയതി- 25/05/2022 |
| അക്കൗണ്ടന്റ് | 21/10/2017 – | 2012-13 | LBA(HQ)II/8A |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | 30/10/2017 | മുതൽ 2016-17 വരെ | /2704/17-18 തീയതി 08/12/2017 |

1-11 ഓൺലൈൻ രസീത് വരവുകൾ - IKM ൽ നിന്നും തുക ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നു

വിവിധ സേവനങ്ങൾക്കും നികതി-നികതിയേതര വരവുകൾക്കും ഓൺലൈനായി തുക ഒടുക്കുന്നത് പഞ്ചായത്തിന്റെ 36813729104 നം. എസ്.ബി.ഐ അക്കൗണ്ടിലേക്കാണ് ലഭ്യമാകുന്നത്. ഓൺലൈൻ പേമെന്റിനായി സോഫ്റ്റ്‌വെയറിൽ മാപ്പ് ചെയ്തിരിക്കുന്ന ടി അക്കൗണ്ടിൽ വരവ് രസീത് ചെയ്ത ശേഷം രണ്ട് മുതൽ മൂന്ന് മാസങ്ങൾക്ക് ശേഷമാണ് തുക അക്കൗണ്ടിൽ ക്രഡിറ്റാകുന്നത് എന്ന് പരിശോധനയിൽ അറിയുന്നു. വിവിധ സേവനങ്ങൾക്കുള്ള ഫീസുൾപ്പെടെ ചെറിയ തുകകളും ഈ അക്കൗണ്ടിൽ ലഭിക്കുന്നതിനാൽ ഇടപാടുകളുടെ എണ്ണം കൂടുകയും തുക ഏത് വരവാണ് എന്ന് ട്രേസ് ചെയ്യുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുണ്ടാവുകയും ചെയ്യുന്നു. ലഭ്യമായ രേഖകൾ പ്രകാരം ഓഡിറ്റ് വർഷം, 1371 ട്രാൻസാക്ഷനുകൾ മുഖേന 11,45,488/- രൂപ വരവുണ്ട്. ഓൺലൈൻ ആയി ലഭിക്കുന്ന തുക IKM അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്ത ശേഷം പേമെന്റ് ഗേറ്റ്‌വേ മുഖേനയാണ് പഞ്ചായത്തിന് ലഭിക്കുന്നത്. പഞ്ചായത്തിന് ഓൺലൈനായി ലഭിക്കുന്ന വരവുകൾ കാലതാമസമില്ലാതെ ബാങ്ക് അക്കൗണ്ടിലേക്ക് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-12 ഷോപ്പിങ്ങ് കോംപ്ലക്സിന്റെ വസ്തുനികുതി-മേൽത്തരം തറനിർമ്മിതിക്ക് നികുതി വർദ്ധനവ് കണക്കാക്കിയില്ല

പഞ്ചായത്തിന്റെ 14-ാം വാർഡിൽ (പത്തനാട്) സ്ഥിതി ചെയ്യുന്ന കെ.എ.ഷാഹുൽ ഹമീദ്, കൊച്ചുതുണ്ടിയിൽ, കങ്ങഴ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സിന് നികുതി നിർണ്ണയിച്ചപ്പോൾ മേൽത്തരം തറനിർമ്മിതിക്ക് അടിസ്ഥാന വസ്തുനികുതിയുടെ 15% നികുതി വർദ്ധനവ് കണക്കാക്കിയില്ല എന്ന് കാണുന്നു. 1500 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള ഷോപ്പിങ്ങ് കോംപ്ലക്സ് 33 നമ്പറായി വിഭജിച്ചാണ് 200 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള ഷോപ്പിങ്ങ് കോംപ്ലക്സ് കാറ്റഗറിയിൽ തൻവർഷം നികുതി നിർണ്ണയിച്ചത് (നികുതി നിരക്ക് ചതുരശ്ര മീറ്ററിന് 70/- രൂപ). 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം-6 ലെ പട്ടിക-6 പ്രകാരം മേൽത്തരം തറ നിർമ്മിതിയുള്ള 250 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൻമേൽ 15% വർദ്ധനവ് നൽകേണ്ടതാണ്. സഞ്ചയ ഡേറ്റാബേസ്, നികുതി നിർണ്ണയ ഫയൽ എന്നിവ പ്രകാരം മേൽത്തരം തറനിർമ്മിതിയുള്ള ടി ഷോപ്പിങ്ങ് കോംപ്ലക്സിന്റെ അടിസ്ഥാന വസ്തുനികുതി നിർണ്ണയ വിവരം താഴെ ചേർക്കുന്നു.

| കെട്ടിട നം. (എണ്ണം) | നില | വിസ്തീർണ്ണം (ച.മീ.) (Plint Area) | അടിസ്ഥാന നികുതി (70/- രൂപ ) | വർദ്ധനവ് നൽകിയത് | നൽകേണ്ട വർദ്ധനവ്(15%) |
|---|---|---|---|---|---|
| 14/336/A മുതൽ K വരെ (11 എണ്ണം) | Ground Floor | 510.55 | 35,739/- | ഇല്ല | 5,361/- |
| 14/336/L മുതൽ U വരെ (11 എണ്ണം) | First Floor | 509.65 | 35,676/- | ഇല്ല | 5,351/- |
| 14/336/V മുതൽ Z വരെയും AA മുതൽ AG വരെയും | Second Floor | 509.65 | 35,676/- | ഇല്ല | 5,351/- |

| | | | | | |
|---|---|---|---|---|---|
| (11 എണ്ണം) | | | | | |
| ആകെ | | 1529.85 | 107,091/- | ഇല്ല | 16,063/- |

മേൽത്തരം തറ നിർമ്മിതിക്കുള്ള നികുതി വർദ്ധനവ് കണക്കാക്കാതിരുന്നതിനാൽ 16,063/- രൂപ നികുതിയിൽ കുറവായിട്ടാണ് നിർണ്ണയിക്കപ്പെട്ടത്. കൂടാതെ ടി കെട്ടിടത്തിൽ 2023-24-ൽ ആരംഭിച്ച HDFC ബാങ്ക്, Microlab Medical Lab എന്നീ കേന്ദ്രീകൃത എയർ കണ്ടീഷനിങ്ങ് സംവിധാനങ്ങളുള്ള സ്ഥാപനങ്ങൾ ഷോപ്പിങ്ങ് കോംപ്ലക്സിൽ പ്രവർത്തിക്കുന്നതായി കാണുന്നു. കേന്ദ്രീകൃത എയർ കണ്ടീഷനിങ്ങ് സംവിധാനങ്ങളുള്ള കെട്ടിടങ്ങൾക്ക് 10% അടിസ്ഥാന നികുതിയിൽ വർദ്ധനവ് നൽകേണ്ടതാണ്. വസ്തുനികുതി നിർണ്ണയിക്കുമ്പോൾ അടിസ്ഥാന നികുതിയിന്മേൽ വർദ്ധനവ് കണക്കാക്കാതെ നികുതി നിർണ്ണയിച്ച അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.8/2022-23/29.07.2023) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്ന സാഹചര്യത്തിൽ വർദ്ധനവ് നൽകാനുള്ള ക്രമീകരണം ഡേറ്റാബേസ് സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല എന്നും ആയത് IKM-ന്റെ സഹായത്തോടെ പരിഹരിക്കുമെന്നുമാണ് അറിയിച്ചത്. കെട്ടിടത്തിന്റെ എയർ കണ്ടീഷനിങ്ങ് സംവിധാനം ആകെ വിസ്തീർണ്ണത്തിന്റെ 15% മാത്രമേ ഉള്ളൂ എന്നും ആയത് കെട്ടിടം വാടകയ്ക്ക് നൽകിയതിനു ശേഷം ഏർപ്പെടുത്തിയത് ആണെന്നും ആയത് കേന്ദ്രീകൃത എയർ കണ്ടീഷനിങ്ങ് ആയി പരിഗണിക്കാൻ കഴിയില്ല എന്നും അറിയിച്ചു.

250 ചതുരശ്രമീറ്ററിലധികമുള്ള മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് വിഭജിച്ച് നമ്പർ നൽകി നികുതി നിർണ്ണയിക്കുമ്പോൾ നികുതി വർദ്ധനവ് 15% നൽകാനുള്ള ക്രമീകരണം വസ്തുനികുതി ഡേറ്റാബേസിൽ IKM-ന്റെ സാങ്കേതിക സഹായത്തോടെ ഉൾപ്പെടുത്തേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതിയിലെ വർദ്ധനവ് കൃത്യമാക്കേണ്ടതാണ്. കെട്ടിടത്തിൽ ഭാഗികമായിട്ടാണെങ്കിലും കേന്ദ്രീകൃത എയർ കണ്ടീഷനിങ്ങ് സ്ഥാപിച്ചോ എന്ന് വസ്തുനികുതി പരിഷ്കരണ സമയത്ത് വിശദമായ പരിശോധന നടത്തേണ്ടതും Split/Window എയർ കണ്ടീഷനിങ്ങിന് മാത്രം ഇളവ് അനുവദിക്കാവുന്നതും അല്ലാത്ത കേന്ദ്രീകൃത എയർ കണ്ടീഷനിങ്ങ് എന്ന നിർവ്വചനത്തിൽ വരുമെങ്കിൽ ആയതിന്റെ വർദ്ധനവ് നികുതിയിൽ ഉൾപ്പെടുത്തേണ്ടതാണ് (സാധാരണയായി ബാങ്കുകൾ, സൂപ്പർമാർക്കറ്റ് തുടങ്ങിയവ കേന്ദ്രീകൃത എയർകണ്ടീഷനിങ്ങോടെയാണ് പ്രവർത്തനമാരംഭിക്കുന്നത്). ഡാറ്റാബേസ് സംബന്ധമായതും മറ്റ് അപാകതകളും പരിഹരിച്ച് കെട്ടിടത്തിന്റെ നികുതി വർദ്ധനവുകൾ പുനർനിർണ്ണയിച്ച ശേഷം നികുതി ഈടാക്കി ഫോറം-6 വിവരങ്ങൾ ഉൾപ്പടെ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13 വസ്തുനികുതി പരിഷ്കരണം 2023 - പുരോഗതി അവലോകനം

05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD പ്രകാരം ഗ്രാമപഞ്ചായത്തിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു. 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളെ വിവിധയിനങ്ങളിലായി വീണ്ടും വിഭജിച്ചാണ് ഉപയോഗക്രമ ഇനവും നികുതി സ്ലാബും നിശ്ചയിച്ചിട്ടുള്ളത്.

വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് കങ്ങഴ ഗ്രാമപഞ്ചായത്ത് ഭരണസമിതി 15/05/2023 ലെ 10(1) നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമുള്ള നികുതി നിരക്കുകൾ 12/07/2023 ലെ എ3-1708/2023 നം. കരട് വിജ്ഞാപന പ്രകാരം ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനായി 30 ദിവസ കാലയളവ് നൽകി പ്രസിദ്ധീകരിച്ചിട്ടുണ്ട് (പത്രമാധ്യമത്തിൽ ഉൾപ്പെടെ). ആക്ഷേപങ്ങൾ സ്വീകരിച്ച്

നികുതി നിരക്കുകൾ അന്തിമമായി നിശ്ചയിക്കുമെന്നാണ് സെക്രട്ടറി അറിയിച്ചത്. നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ നിലവിൽ 2023-24 വർഷത്തെ നികുതി പഴയ നിരക്കിലാണ് ഈടാക്കി വരുന്നത്. നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കി നികുതി നിരക്കുകൾ അന്തിമ വിജ്ഞാപനം നടത്തേണ്ടതാണ്. അന്തിമ വിജ്ഞാപനത്തിലെ നികുതി നിരക്കുകൾ നികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തി 2023-24 വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതാണ്. നികുതി നിരക്ക് പുതുക്കുമ്പോൾ പുതുതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്ക് അനുസരിച്ച് കെട്ടിടങ്ങളെ വേർതിരിച്ച് ഡേറ്റാബേസിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഉദാഹണമായി പാർപ്പിടാവശ്യം, വ്യവസായ ആവശ്യം തുടങ്ങിയ കാറ്റഗറികളിൽ നിശ്ചയിച്ച പിരിവുകളായി വരുന്ന ഉപയോഗക്രമങ്ങൾ അടിസ്ഥാനമാക്കിത്തന്നെ കെട്ടിടങ്ങളെ ലിസ്റ്റ് ചെയ്യേണ്ടതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ നടപടികളെല്ലാം പൂർത്തിയാക്കിയ ശേഷം അന്തിമ വിജ്ഞാപനം, നികുതി ഡേറ്റാബേസിൽ നിരക്കുകൾ ചേർത്തതിന്റെ റിപ്പോർട്ട്, 2023-24 വർഷത്തെ പുതുക്കിയ ഡിമാന്റ് ജനറേറ്റ് ചെയ്തത് എന്നിവ ഉൾപ്പെടെ മറുപടി നൽകേണ്ടതാണ്. നിലവിൽ പഴയ നിരക്കിൽ നികുതി ഒടുക്കിയവരുടെ നികുതി പരിഷ്കരിക്കുമ്പോഴുണ്ടാകുന്ന വ്യത്യാസം അടവാക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

### 1-14 തനത് വരുമാന സ്രോതസ്സുകൾ-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സായ വസ്തുനികുതി ഏകദേശം 100% കളക്ഷൻ കൈവരിച്ചിട്ടുണ്ട്. വസ്തുനികുതിക്ക് 5% സർവ്വീസ് സെസ്സും ഈടാക്കുന്നുണ്ട്. തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയവയുടെ അടിസ്ഥാന ഡേറ്റ കൃത്യമായ ഫീൽഡ് പരിശോധനയിലൂടെ പൂർത്തിയാക്കാതിരുന്നതിനാൽ പഞ്ചായത്തിന് ചെറിയ അളവിലെങ്കിലും വരുമാന ചോർച്ച സംഭവിക്കുന്നുണ്ട്. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെയും ട്രേഡർമാരുടെയും വിവരം കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന രീതിയിൽ രജിസ്റ്റർ/ഡാറ്റാബേസ് തയ്യാറാക്കിയാൽ തനത് വിഭവ സ്രോതസ്സുകളെ പൂർണ്ണമായും വരുമാനമാക്കി മാറ്റുന്നതിന് സാധിക്കും. പഞ്ചായത്തിൽ സജ്ജമായിട്ടുള്ള കെട്ടിടങ്ങളുടെ ഡേറ്റാബേസുമായി മറ്റ് വരുമാന സ്രോതസ്സുകളുടെ ഡേറ്റയെ ബന്ധിപ്പിക്കുന്നതിലൂടെയും വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളെ മാപ്പ് ചെയ്ത് എല്ലാവിധ തൊഴിൽ നികുതി/ലൈസൻസ് വിഭവ സ്രോതസ്സുകൾ പരമാവധി ഡിമാന്റിലുൾപ്പെടുത്താനും കഴിയും. പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഡിമാന്റിന് സജ്ജമാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-15 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല – നികുതി വരുമാനം നഷ്ടമായി

കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ആകെ 66 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നതിനുള്ള ഡിമാന്റ് ലിസ്റ്റാണ് (List Of Institutions) നിലവിലുള്ളത്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ, ഇടത്തരം ആശുപത്രി, മെഡിക്കൽ ലാബ് തുടങ്ങി ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. 2022-23 ജീവനക്കാരുടെ തൊഴിൽ നികുതി ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ-നം. | സ്ഥാപനത്തിന്റെ പേര് | പ്രവർത്തനം |
|---|---|---|
| 1. | മാമ്മൂട്ടിൽ ബാങ്കേഴ്സ്, പത്തനാട് | Gold Loan |
| 2. | മുളയ്ക്കൽ ഡെന്റൽ ക്ലിനിക് & ഓർത്തോഡോന്റിക് സെന്റർ, പത്തനാട് | ദന്താശുപത്രി |

| | | |
|---|---|---|
| 3. | ഡെന്റ് വേൾഡ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്,പത്തനാട് | Orthodontic, Crown And Bridge Centre ദന്തൽ ക്ലിനിക് |
| 4. | മൈക്രോലാബ് ലാബോറട്ടറീസ്, പത്തനാട് | Medical Lab |
| 5. | മെഡികെയർ മെഡിക്കൽ ലാബോറട്ടറി, പത്തനാട് | Medical Lab |
| 6. | പി. വി. അസോസിയേറ്റ്സ്, പത്തനാട് | GST, Tax Returns, PAN |
| 7. | ഹെറിറ്റേജ് ബിൽഡേഴ്സ് ഡിസൈനേഴ്സ് & കോൺട്രാക്ടേഴ്സ് | Building Plan & Estimates |
| 8. | മങ്കോട്ട എഞ്ചിനീയേഴ്സ് & ആർക്കിടെക്ട്സ്, പത്തനാട് | Building Plan & Estimates |
| 9. | FOCUS Education Consultant, പത്തനാട് | BSc Nursing, GNM, Paramedical, Study Abroad Consulatants |
| 10. | കേരള വിഷൻ-കങ്ങഴ, പത്തനാട് | Internet Service Provider |

പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വലിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നത് പഞ്ചായത്തിന് നികുതി വരുമാനത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.2/2022-23/25.07.2023) നൽകിയതിന് ഏതാനും സ്ഥാപനങ്ങൾ പ്രവർത്തനം ഇല്ലാത്തതാണ് എന്ന് അറിയിച്ചു. മറുപടി പരിഗണിച്ച് ടി സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. 2022-23 പ്രാബല്യത്തിൽ മേൽപറഞ്ഞ സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി നികുതി ലിസ്റ്റ് പരിഷ്കരിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2022-23 വർഷത്തെ തൊഴിൽ നികുതി നടപ്പ് സാമ്പത്തിക വർഷത്തിൽ Prior Period Tax റവന്യൂ ശീർഷകത്തിൽ വരവായി സ്വീകരിച്ച ശേഷം ബന്ധപ്പെട്ട രസീതുകൾ ഉൾപ്പെടെ ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

1-16 ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2022-23 ലെ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ/ഡി.സി.ബി. പ്രകാരം ആകെ 38 സ്ഥാപനങ്ങളുടെ ടേണോവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതിയായി 85,400/- രൂപയാണ് ഡിമാന്റ് ചെയ്തത്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള സ്വകാര്യ ഏജൻസികൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവ പ്രസ്തുത ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് കാണുന്നു. ടേണോവർ അടിസ്ഥാനത്തിലുള്ള പഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ-നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | മാമ്മൂട്ടിൽ ബാങ്കേഴ്സ്, പത്തനാട് |

| | |
|---|---|
| 2. | മൈക്രോലാബ് ലാബോറട്ടറീസ്, പത്തനാട് |
| 3. | പി. വി. അസോസിയേറ്റ്സ്, പത്തനാട് |
| 4. | ഹെറിറ്റേജ് ബിൽഡേഴ്സ് ഡിസൈനേഴ്സ് & കോൺട്രാക്ടേഴ്സ് |
| 5. | മങ്കോട്ട എഞ്ചിനീയേഴ്സ് & ആർക്കിടെക്ട്സ്, പത്തനാട് |
| 6. | FOCUS Education Consultant, പത്തനാട് |
| 7. | കേരള വിഷൻ-കങ്ങഴ, പത്തനാട് |
| 8. | ട്രാക്ക് വ്യൂ ലോജിസ്റ്റിക്സ്, കങ്ങഴ |
| 9. | വേൾഡ് വിഷൻ കേബിൾ ടി.വി. നെറ്റ്‌വർക്ക്, കങ്ങഴ |
| 10. | ഗ്ലോബൽ ലിങ്ക്സ് സെക്യൂരിറ്റി സിസ്റ്റംസ്, കങ്ങഴ |
| 11. | ബിഷപ് കുര്യഞ്ചേരി നേച്ചർ കെയർ & യോഗ സെന്റർ, ഇടയിരിക്കപ്പുഴ |
| 12. | നാഷണൽ ഇൻഷുറൻസ് കമ്പനി പോർട്ടൽ ഓഫീസ്, കങ്ങഴ |
| 13. | ഗെറ്റ് ഫിറ്റ് ജിംനേഷ്യം, കങ്ങഴ |
| 14. | ജേക്കബ്സ് ഡ്രൈവിങ്ങ് സ്കൂൾ, കങ്ങഴ |

പഞ്ചായത്ത് പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വലിയ സ്ഥാപനങ്ങൾക്ക് പരമാവധി നികുതിയായ 2,500/- രൂപ നികുതി ചുമത്താവുന്നതായിരുന്നു. അക്രൂവൽ ഡിമാന്റ് കണക്കാക്കി ഈടാക്കുന്ന ടേണോവർ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നത് പഞ്ചായത്തിന് നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കിയിട്ടുണ്ട്. അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.3/2022-23/25.07.2023) നൽകിയതിന് മറുപടിയിൽ ഏതാനും സ്ഥാപനങ്ങൾ പ്രവർത്തനം അവസാനിച്ചതാണ് എന്നും മറ്റ് സ്ഥാപനങ്ങളുടെ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുമെന്നും അറിയിച്ചു. മറുപടിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാതെ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്. മേൽവിവരിച്ച സ്ഥാപനങ്ങളെ പഞ്ചായത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ലിസ്റ്റ് പരിഷ്കരിച്ച് നികുതി ഡിമാന്റ് 2022-23 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കേണ്ടതും ഡിമാന്റ് ലിസ്റ്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. പുതുക്കിയ ഡിമാന്റ് പ്രകാരം ഉൾപ്പെടുത്തിയ സ്ഥാപനങ്ങളുടെ 2022-23 നികുതി തുക നടപ്പ് സാമ്പത്തിക വർഷം Prior Period Tax ശീർഷകത്തിൽ നിന്ന് Receivable For Profession Tax-Institutions (Arrear) ശീർഷകത്തിലേക്ക് അക്രൂവൽ എൻട്രി നടത്തിയ ശേഷം കുടിശിക നികുതിയായി അടവാക്കേണ്ടതാണ്. നികുതി ഒടുക്കിയ രസീതുകൾ ഉൾപ്പെടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

1-17 ട്രേഡർമാരുടെ തൊഴിൽ നികുതി-കൃത്യമായ ഡിമാന്റ് നിർണ്ണയിച്ചിട്ടില്ല

പഞ്ചായത്തിലെ ട്രേഡർമാരുടെ കൃത്യമായ തൊഴിൽ നികുതി ഡിമാന്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തിൽ ലഭ്യമായ കരട് ട്രേഡേഴ്സ് ലിസ്റ്റ് 15 വാർഡുകളിലായി 354 ട്രേഡർമാരെ ലിസ്റ്റ് ചെയ്തിട്ടുണ്ട്. കരട് ട്രേഡേഴ്സ് ലിസ്റ്റിൽ ട്രേഡർമാരെ വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് ചെയ്തെങ്കിലും ഡിമാന്റ് രജിസ്റ്റർ പ്രകാരം വാർഡ് അടിസ്ഥാനത്തിലല്ല നികുതി ഡിമാന്റ് തയ്യാറാക്കിയിരിക്കുന്നത്. 2022-23 ലൈസൻസസ് രജിസ്റ്ററിലാണ് ട്രേഡർ തൊഴിൽ നികുതി വിവരവും ചേർക്കുന്നത്. തൻവർഷം 287 ട്രേഡേഴ്സിൽ നിന്ന് 338,250/- രൂപയാണ് ട്രേഡർ തൊഴിൽ നികുതിയായി ഡിമാന്റ് ചെയ്ത് ഈടാക്കിയത്. ലൈസൻസ് എടുക്കുന്ന ട്രേഡേഴ്സിന്റെ വിവരങ്ങൾ മാത്രം ചേർത്ത് ട്രേഡർ തൊഴിൽ നികുതി ഡിമാന്റ് കണക്കാക്കുന്ന രീതിയാണ് തുടർന്നുവരുന്നത്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡർമാരുടെ ഡിമാന്റ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ ട്രേഡർമാരുടെ തൊഴിൽനികുതിയിനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാകുന്നുണ്ട് എന്ന് കരട് ട്രേഡേഴ്സ് ലിസ്റ്റിലെയും ലൈസൻസ്

രജിസ്റ്ററിലെയും എണ്ണത്തിലുള്ള അന്തരം വ്യക്തമാക്കുന്നു. കരട് ട്രേഡേഴ്സ് ലിസ്റ്റിലുള്ള ട്രേഡർമാരുടെയും 2022-23 തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ട ട്രേഡർമാരുടെയും എണ്ണത്തിൽ 67 എണ്ണത്തിന്റെ വ്യത്യാസം കാണുന്നു. തൊഴിൽ നികുതി ഒടുക്കാതെയും ലൈസൻസില്ലാതെയും പഞ്ചായത്ത് പരിധിയിൽ ട്രേഡർമാർ പ്രവർത്തിക്കുന്നുണ്ട് എന്നതിന് തെളിവാണിത്. ഡിമാന്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കാത്ത സാഹചര്യത്തിൽ ഏതെല്ലാം ട്രേഡർമാരാണ് ഡിമാന്റിൽ ഉൾപ്പെടാതിരുന്നത് എന്ന് കണ്ടെത്താനും സാധിക്കുന്നില്ല. ലൈസൻസില്ലാതെ ട്രേഡർമാർ പ്രവർത്തിക്കുന്ന സാഹചര്യവുമുണ്ടാകുന്നു. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11/2022-23/29.07.2023) നൽകിയതിന് അപാകത പരിഹരിച്ച് എല്ലാ ട്രേഡേഴ്സിന്റെയും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

ട്രേഡർമാരുടെ തൊഴിൽ നികുതി 2023-24 മുതൽ വാർഡ് അടിസ്ഥാനത്തിലുള്ള ഡിമാന്റ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടതാണ്. തൻവർഷം ഡിമാന്റിൽ ഉൾപ്പെടാതെയുള്ള ട്രേഡേഴ്സിന്റെ നികുതി കുടിശികയായി ഈടാക്കേണ്ടതാണ്. 2023-24 മുതലുള്ള ട്രേഡർമാരുടെ തൊഴിൽ നികുതി ഡി.സി.ബി. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 കരാറുകാർ തൊഴിൽ നികുതി ഒടുക്കുന്നില്ല

കങ്ങഴ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കരാറുകാരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2022-23 വർഷം പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സാമ്പത്തിക വർഷം 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് മരാമത്ത് പ്രവൃത്തികളുടെ 2022-23 ടെൻഡർ രജിസ്റ്റർ പ്രകാരം പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി |
|---|---|
| 1. | ഹരിലാൽ എസ്. |
| 2. | ലിനു ജേക്കബ് |
| 3. | റിൻസൺ അലക്സ് |
| 4. | ലിനു ജോസ് |
| 5. | നൗഫൽ മോൻ റ്റി. എൽ. |
| 6. | സുകുമാരൻ നായർ പി. എൻ. |
| 7. | സജ്ന ഹാരിസ് |
| 8. | ജയ്മോൻ ജെയിംസ് |
| 9. | മുഹമ്മദ് ഹാരിസ് |

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.7/2022-23/29.07.2023) നൽകിയതിന് ക്രമ നം.1 കരാറുകാരൻ നികുതി ഒടുക്കി എന്നും മറ്റുള്ളവരുടെ 2022-23 തൊഴിൽ നികുതി ഈടാക്കി അറിയിക്കുന്നതാണ് എന്നും മറുപടി നൽകി. കരാറുകാരുടെ തൊഴിൽ നികുതി 2022-23 വർഷത്തേത് കുടിശികയായി Prior Period Tax ശീർഷകത്തിൽ അടവാക്കി രസീതിന്റെ പകർപ്പ് ഉൾപ്പെടെ പ്രഥമ മറുപടി നൽകേണ്ടതാണ്.

1-19 പ്രൊഫഷണൽസിന്റെ വിവരങ്ങൾ ശേഖരിച്ച് തൊഴിൽ നികുതി ചുമത്തിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം സാമ്പത്തിക വർഷം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തൊഴിൽ നികുതി ചുമത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും പ്രാക്ടീസ് ചെയ്യുന്നതുമായ ഡോക്ടർമാർ, ചാർട്ടേർഡ് അക്കൗണ്ടന്റുമാർ, വക്കീലൻമാർ, സാങ്കേതിക വിദഗ്ദർ, ഇൻഫൊർമേഷൻ ടെക്നോളജി-ഡാറ്റാ സയൻസ് മേഖലയിൽ വിദഗ്ദ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, മാനേജ്മെന്റ് പ്രൊഫഷണൽ തുടങ്ങിയവരുടെ വിവരശേഖരണം നടത്തിയതായി കാണുന്നില്ല. കോവിഡ്-19 മഹാമാരിക്ക് ശേഷം കേരളത്തിൽ സ്വതന്ത്ര പ്രൊഫഷണലുകളുടെ (Freelance Professionals) എണ്ണം വർദ്ധിച്ച സാഹചര്യവും ഓൺലൈൻ സംവിധാനത്തിലൂടെ (Work From Home) ഇന്ത്യക്ക് പുറത്തുള്ള വിദേശ കമ്പനികളിൽ പ്രവർത്തിക്കുന്നവരുമുണ്ട്. കൃത്യമായി വിവരശേഖരണം നടത്തിയ ശേഷം അക്രുവലായി ഡിമാന്റ് തയ്യാറാക്കേണ്ട നികുതിയിനമാണ് പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി. പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണൽസിന്റെ വിവരശേഖരണം നടത്തി ഡാറ്റാ (Profession Tax Of Professonals) തയ്യാറാക്കേണ്ടതും തൊഴിൽ നികുതി നിർണ്ണയിച്ച് പഞ്ചായത്തിന്റെ തനത് നികുതി വരുമാന സ്രോതസ്സ് വർദ്ധിപ്പിക്കേണ്ടതുമാണ്.

1-20 വാടക തുകയിന്മേൽ ചരക്ക് സേവന നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട വിവിധ കടമുറികളുടെ കുത്തകക്കാരിൽ നിന്നും ഓഡിറ്റ് വർഷം ചരക്ക് സേവന നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കുത്തകക്കാരന്റെ പേര്, വിലാസം, കടമുറി നമ്പർ | ഓഡിറ്റ്-വർഷം ഈടാക്കിയ ആകെ വാടക | ഈടാക്കേണ്ടിയിരുന്ന ചരക്ക് സേവന നികുതി തുക(@ 18%) |
|---|---|---|---|
| 1) | റിയാസ് പി എം പുതിയേടത്ത് (XV/13) | 5956 X 12 = 71472 | 12865 |
| 2) | അനിൽ ഔഷധി (XV/10) | 2552 X 12 = 30624 | 5512 |
| 3) | റിയാസ് പി എം പുതിയേടത്ത് (XV/11) | 5132 X 12 = 61584 | 11085 |
| 4) | സീനത്ത് ബീവി, പിങ്കി മൻസിൽ (XV/12) | 3194 X 12 = 38328 | 6899 |
| 5) | പി. എൻ വിജയൻ പുളിച്ച വള്ളിയിൽ (XV/7) | 2670 X 12 = 32040 | 5767 |
| 6) | സുജിത്ത് സുകുമാരൻ പാറയിൽ (XV/6) | 1424 X 12 = 17088 | 3076 |
| 7) | കാർഷിക സ്വാശ്രയ വികസന സമിതി (XV/7) | 334 X 12 = 4008 | 721 |
| 8) | സി ഡി കുട്ടപ്പൻ ചെളികുഴിയിൽ (X/290) | 856 X 12 = 10272 | 1849 |

| | | | |
|---|---|---|---|
| 9) | കെ ജെ ജോൺ വഴിപറമ്പിൽ (X/289) | 804 X 12 = 9648 | 1737 |
| 10) | കെ ജെ ജോൺ വഴിപറമ്പിൽ (X/288) | 731 X 12 = 8772 | 1579 |
| 11) | റോബി മാത്യു വടക്കേമുറിയിൽ(X/279) | 1520 X 12 = 18240 | 3283 |
| 12) | പ്രകാശ് കുമാർ മാടക്കാട്ട് (X/280) | 1495 X 12 = 17940 | 3229 |
| 13) | പോസ്റ്റ് ഓഫീസ് മുണ്ടത്താനം (X/282) | 300 X 12 =3600 | 648 |
| 14) | സാറാമ്മ തടത്തിൽ (X/283) | 730 X 12 = 8760 | 1577 |
| 15) | ഹുസൈൻ പ്ലാക്കൂട്ടത്തിൽ (X/284) | 1556 X 12 = 18672 | 3361 |
| 16) | അലിയാർകുട്ടി ചൂരക്കുന്നേൽ (X/291) | 2374 X 12 = 28488 | 5128 |
| 17) | മുഹമ്മദ് ഷമീർ (X/286) | 1759 X 12 = 21108 | 3799 |
| 18) | വി എം തങ്കപ്പൻ വെള്ളറ (X/287) | 550 X 4 = 2200 | 396 |
| 19) | ബി.എസ്.എൻ.എൽ ഓഫീസ് (XV/2) | 14587 X 12 =175044 | 31508 |
| 20) | ബി.എസ്.എൻ.എൽ ടവർ | 4000 X 12 = 48000 | 8640 |
| | | ആകെ തുക | 1,12,659/- |

നികുതി തുക ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [13/31.07.2023], 2023-2024 സാമ്പത്തിക വർഷം മുതൽ വാടക തുകയിന്മേൽ നികുതി ഈടാക്കുന്നുണ്ടെന്നും, 2022-23 സാമ്പത്തിക വർഷത്തിലെ നികുതി തുക ഈടാക്കുന്നതിനായി, പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട്, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വരവിനങ്ങളിൽ നഷ്ടം സംഭവിച്ചിട്ടുള്ളതിനാൽ, പ്രസ്തുത നികുതി തുക ബന്ധപ്പെട്ട കുത്തകക്കാരിൽ നിന്നും ഈടാക്കി, അതത് ശീർഷകങ്ങളിൽ ഒടുക്ക് വരുത്തി രേഖാമൂലം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നികുതി തുക കുത്തകക്കാരിൽ നിന്നും ഈടാക്കുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായാൽ, ഓഫിസ് ചാർജ്ജിലുണ്ടായിരുന്ന ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി, ജൂണിയർ സൂപ്രണ്ട്, ഹെഡ് ക്ലർക്ക്, സെക്ഷൻ ക്ലർക്ക് എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതും, അതത് ശീർഷകങ്ങളിൽ ഒടുക്ക് വരുത്തി രേഖാമൂലം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-21 വാടക തുക പുതുക്കി നിശ്ചയിച്ചില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള XV/2 നമ്പർ കെട്ടിടം, ബി.എസ്.എൻ.എൽ. ഓഫീസ് പ്രവർത്തിക്കുന്നതിലേക്കായി വിട്ടു നൽകുകയും 2016-17 ൽ കങ്ങഴ ഗ്രാമപഞ്ചായത്തും,

ബി.എസ്.എൻ.എൽ ഓഫീസുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതും പ്രസ്തുത കെട്ടിടത്തിന്റെ വാടക 12000/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളതുമാണ്. ടി വാടക തുക ഓരോ വർഷവും 5% ആയി വർദ്ധിപ്പിച്ച് വരുന്നു. പ്രസ്തുത എഗ്രിമെന്റിന്റെ കാലാവധി 31.03.2021-ൽ അവസാനിച്ചിട്ടുള്ളതിനാൽ എഗ്രിമെൻറ് പുതുക്കുന്നതിനും വാടക പുതുക്കിയ നിരക്കിൽ നിശ്ചയിക്കുന്നതിനും, 01.04.2021 പ്രാബല്യത്തിൽ 16000/- രൂപയും, തുടർന്നുള്ള ഓരോ വർഷവും 5% കൂടിയ നിരക്കിലും വാടക ഈടാക്കുന്ന രീതിയിൽ കരാർ പുതുക്കി, അടുത്ത അഞ്ചുവർഷത്തേക്കുള്ള വാടക ഉടമ്പടി രജിസ്റ്റർ ചെയ്യുന്നതിനും 08 [1]/08.10.2021 നം. പ്രകാരം ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഭരണസമിതിയുടെ 30.04.2022 ലെ 3 (1) നമ്പർ പ്രകാരം ബി.എസ്.എൻ.എൽ കെട്ടിടത്തിന്റെ വാടക പുനർനിർണ്ണയിക്കുന്നതിനും കുടിശിക ഈടാക്കുന്നതിനും തീരുമാനമെടുത്തിരുന്നു. ബി.എസ്.എൻ.എൽ ഓഫീസ് കെട്ടിടം, ബി.എസ്.എൻ.എൽ ടവർ എന്നിവയ്ക്ക് വാടക പുതുക്കി നിശ്ചയിച്ച് കരാറിൽ ഏർപ്പെടാതിരുന്നതിനും, പുതുക്കിയ നിരക്കിൽ വാടക ഈടാക്കാതിരുന്നതിനുമുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് [16/31.07.2023] നൽകിയിരുന്നു. ആയതിന് ലഭിച്ച മറുപടിയിൽ 28.04.2023 തീയതിയിലെ 15 [1] നമ്പർ കമ്മിറ്റി തീരുമാനപ്രകാരം, കരാർ ഉടമ്പടിയും വാടകയും പുതുക്കുന്നത് സംബന്ധിച്ചും, ആയത് പുതുക്കാത്ത പക്ഷം ടി കെട്ടിടമുറികൾ തിരികെ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ ചർച്ച ചെയ്യുന്നതിനുമായി അനുയോജ്യമായ തീയതി നിശ്ചയിച്ച് നൽകുന്നതിന് ബി.എസ്.എൻ.എൽ അസിസ്റ്റന്റ് ജനറൽ മാനേജർക്ക് 08.05.2023 തീയതിയിൽ രേഖാമൂലം അറിയിപ്പ് നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. വാടക പുതുക്കുന്നതിനും പുതുക്കിയ നിരക്കിൽ ഉള്ള വാടക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനും 14.06.2023 തീയതിയിൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി യോഗത്തിലെ 21 [1] നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചിരുന്നു. ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാടക തുകയിൽ കാലികമായ പരിഷ്കരണം വരുത്തേണ്ടതും കരാർ പ്രകാരം വാടക ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-22 പുതുക്കിയ നിരക്കിൽ വാടക തുക ഈടാക്കിയില്ല

കഞ്ഞഴ ഗ്രാമപഞ്ചായത്തിലെ മുണ്ടത്താനം ഷോപ്പിംഗ് കോംപ്ലക്സിലെ, കെ.ജെ. ജോൺ, വഴിപറമ്പിൽ, മുണ്ടത്താനം, കഞ്ഞഴ എന്നയാൾക്ക് ലേലം ചെയ്തു നൽകിയ X/288 നമ്പർ കടമുറിക്ക് 2021-2022 വർഷത്തിൽ പ്രതിമാസം 815/- രൂപ നിരക്കിൽ വാടക തുക ഈടാക്കിയിരുന്നു. ഓഡിറ്റ് വർഷം 5% വാടക തുക പുതുക്കി, 856/- രൂപ ഈടാക്കേണ്ടിയിരുന്നുവെങ്കിലും 731/- രൂപ പ്രകാരമാണ് വാടക തുക ഈടാക്കിയിട്ടുള്ളതെന്ന്, സ്ഥാപനത്തിലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

| ഈടാക്കേണ്ടിയിരുന്ന വാടക തുക | ഈടാക്കിയ വാടക തുക | വാടക തുകയിലെ കുറവ് |
|---|---|---|
| Rs. 856/- X 12 = 10,272/- | Rs. 731 X 12 = 8,772/- | 1,500/- |

പുതുക്കിയ നിരക്കിൽ വാടക തുക ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [12/31.07.2023], മറുപടി ലഭ്യമാക്കിയില്ല. വാടകയിനത്തിൽ ലഭ്യമാകേണ്ടിയിരുന്ന തുക ബന്ധപ്പെട്ട കുത്തകക്കാരനിൽ നിന്നും ഈടാക്കി, രേഖാമൂലം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വാടക തുക കുത്തകക്കാരനിൽ നിന്നും ഈടാക്കുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായാൽ, ഓഫിസ് ചാർജ്ജിലുണ്ടായിരുന്ന ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി, ജൂണിയർ സൂപ്രണ്ട്, ഹെഡ് ക്ലർക്ക്, സെക്ഷൻ ക്ലർക്ക് എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതും, തുക ഒടുക്ക് വരുത്തി രേഖാമൂലം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-23 FACTEOS ലൈസൻസ് - വിവിധ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്നില്ല

1) ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിവിധ കള്ള് ഷാപ്പുകൾ, ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ [പടനിലം ക്ഷീരോത്പാദക സഹകരണ സംഘം ഒഴികെ], തുടങ്ങിയവയെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടില്ലാത്തതായി പരിശോധനയിൽ വ്യക്തമായി.

2) റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടിക പ്രകാരം ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടുള്ളതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.2019-ലെ (സി.എസ്) എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻകടകളേയും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോയെന്നത് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [14/31.07.2023], ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമായിട്ടുണ്ട്. തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതും, നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-24 ഓഡിറ്റ് ഇംപാക്റ്റ് - FACTEOS ലൈസൻസ് - മോട്ടോർ ഫീ ഇനത്തിലുള്ള തുക ഈടാക്കി

1) ഓഡിറ്റ് വർഷം വിവിധ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചതുമായി ബന്ധപ്പെട്ട്, ചട്ടപ്രകാരമുള്ള മോട്ടോർ ഫീ ഈടാക്കിയിട്ടില്ലാത്തതായി പരിശോധനയിൽ വ്യക്തമായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം/ വ്യവസായം [വാർഡ്/ കെട്ടിട നം.] | ഉടമസ്ഥന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരമുള്ള മെഷിനറിയുടെ വിശദാംശം | ഈടാക്കേണ്ടിയിരുന്ന മോട്ടോർ ഫീ | ഈടാക്കിയ മോട്ടോർ ഫീ | ഈടാക്കുവാൻ അവശേഷിക്കുന്ന മോട്ടോർ ഫീ |
|---|---|---|---|---|---|---|
| 1) | M. M ഗ്രാനൈറ്റ്സ് [XIV/98- മെറ്റൽ ക്രഷർ] | വി. എസ്. മുഹമ്മദ് ഹാഷിം | 112 Hp | 2000/- | 1000/- | 1000/- |
| | | | | | ആകെ | 1000/- |

2) വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ, മോട്ടോർ ഫീ ഈടാക്കേണ്ടതുണ്ട് . എന്നാൽ, ഗ്രാമപഞ്ചായത്തിലെ ലൈസൻസ് നടപടിക്രമങ്ങൾ പരിശോധിച്ചതിൽ, ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനത്തിൽ നിന്നും മോട്ടോർ ഫീ ഈടാക്കിയിട്ടുള്ളതായി വ്യക്തമായിട്ടില്ല.

| ക്രമ | വാർഡ്/ കെട്ടിട | സ്ഥാപനം/ വ്യവസായം | ഉടമസ്ഥന്റെ |
|---|---|---|---|

| നം. | നം. | | പേര് |
|---|---|---|---|
| 1) | XIV/88 | കൃഷ്ണ എഞ്ചിനീയറിംഗ് വർക്സ് | സതീഷ്. എസ്. കെ |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [15/31.07.2023], M. M ഗ്രാനൈറ്റ്സിൽ നിന്നും 1000/- രൂപയും [1230100745/31.07.2023], കൃഷ്ണ എഞ്ചിനീയറിംഗ് വർക്സിൽ നിന്നും 100/- രൂപയും [1230100744/31.07.2023] ഉൾപ്പെടെ ആകെ 1100/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

1-25 മണ്ണ് ലേലം -വാല്യുവേഷൻ നടത്താതെ ലേല നടപടികൾ ആരംഭിച്ചു- ഗ്രാമപഞ്ചായത്തിന് നഷ്ടം

38-ാം നമ്പർ കാനം അങ്കണവാടി നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് പ്രോജക്ട് നം.23/23 പ്രകാരം വാങ്ങിയ 20/70-4, 70-4-1 സർവ്വെ നമ്പരുകളിൽപ്പെട്ട 3.55 ആർ സ്ഥലത്തുനിന്നും 498.76m3 മണ്ണ് നീക്കം ചെയ്യുന്നതിന് ജനറൽ കമ്മറ്റിയുടെ 17-11-2022ലെ 1(2)നമ്പർ തീരുമാനപ്രകാരം ലേലം ക്വട്ടേഷൻ ക്ഷണിക്കുന്നതിന് തീരുമാനിക്കുകയും 30-11-22, 12-12-22 തീയതികളിൽ ലേലം നടക്കുകയും തോമസ് ആന്റണി, ഇലഞ്ഞിപ്പുറത്ത് എന്നയാൾക്ക് 90774/- രൂപയ്ക്ക് ലേലം ഉറപ്പിച്ച് നൽകുകയും ചെയ്തിരുന്നു. പ്രസ്തുത ലേല നടപടിക്രമങ്ങളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 498.76m3 മണ്ണിന് മാർക്കറ്റ് റേറ്റ് കണക്കാക്കി അസി.എഞ്ചിനീയറെ കൊണ്ട് വാല്യുവേഷൻ എടുത്തിരുന്നില്ല. വാല്യുവേഷൻ തുക ബേസ് റേറ്റായി എടുത്ത് വേണമായിരുന്നു ലേല നടപടികൾ ആരംഭിക്കേണ്ടിയിരുന്നത്. പ്രസ്തുത വിഷയത്തിലെ അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 4/26-7-23) മറുപടിയായി ലോക്കൽ മാർക്കറ്റ് പ്രകാരമുള്ള നിരക്ക് കണക്കാക്കിയാണ് ലേലനടപടികൾ ആരംഭിച്ചതെന്നും മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് മണ്ണിന്റെ ലഭ്യത ഇവിടെ കൂടുതലാണെന്നും ആയതിനാൽ ലോക്കൽ റേറ്റ് വളരെ കുറവാണെന്നും ലോക്കൽ റേറ്റും റോയൽറ്റിയും കണക്കിലെടുത്ത് 50,000/- രൂപ ബേസ് റേറ്റായി നിശ്ചയിച്ചാണ് ലേല നടപടികൾ ആരംഭിച്ചതെന്നും അറിയിച്ചു. എന്നാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. അസിസ്റ്റന്റ് എഞ്ചിനീയർ ലോക്കൽ റേറ്റും റോയൽറ്റിയുമുൾപ്പെടെ ഘനമീറ്ററിനുള്ള നിരക്ക് കണക്കാക്കി വാല്യുവേഷൻ തയ്യാറാക്കിയിരുന്നില്ല. ആദ്യലേല നോട്ടീസിലും തുടർന്ന ലേലത്തിലും ബേസ് റേറ്റ് സംബന്ധിച്ച് വ്യക്തത വരുത്തിയിരുന്നില്ല. സീൽഡ് കവറിലുള്ള ക്വട്ടേഷനാണ് സ്വീകരിച്ചത്. (സമാനരീതിയിൽ 2018-19 വർഷം മണ്ണ് ലേലം നടന്ന കിടങ്ങൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ വാല്യുവേഷൻ എടുത്ത 290/m3 എന്ന നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്കിലാണ് (350/m3) ലേലം ഉറപ്പിച്ചത് എന്ന വിവരം അറിവിലേക്കായി ഉൾപ്പെടുത്തുന്നു.) മണ്ണ് മൂല്യ നിർണ്ണയത്തിന് നിയതമായ രീതിയില്ലെന്നിരിക്കെ മാർക്കറ്റിൽ നിലവിലുള്ള നിരക്കിൽ ക്വട്ടേഷൻ വിളിച്ച് പരമാവധി ലഭിക്കാവുന്ന തുക കണ്ടെത്തി വില നിർണ്ണയിക്കാനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പരിഗണിച്ചിരുന്നില്ല. വിഷയം ഭരണസമിതി പരിശോധിക്കേണ്ടതും പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ജിഎസ് ടി ഈടാക്കിയില്ല

മണൽ വിലയ്ക്കൊപ്പം 5% തുക GST ഈടാക്കി സർക്കാരിലേക്ക് ഒടുക്കിയിരുന്നില്ല. ജിഎസ്ടി ഇനത്തിൽ ആകെ 90774/- രൂപയുടെ 5% തുകയായ 4539/- രൂപ കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. കുത്തകക്കാരനിൽ നിന്നും 4539/- രൂപ ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 വളർത്തുനായ്ക്കൾക്ക് ലൈസൻസ്-നടപടികളിൽ അപാകത

1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമാണ് വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുന്നത്. 2022-23 വർഷം 10/- രൂപയായിരുന്ന ലൈസൻസ് ഫീസ് 29/09/2022 ലെ സ.ഉ.(സാധാ) നം.2376/2022/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 15/10/2022 പ്രാബല്യത്തിൽ 50/- രൂപയായി ഉയർത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം 171 വളർത്തുനായകൾക്കാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. എന്നാൽ വെറ്ററിനറി സർജൻ നടപ്പാക്കിയ 155/23 നം. പ്രോജക്ടിൽ ഫെബ്രുവരി-2023 മാസത്തിൽ നടത്തിയ പേവിഷബാധ വാക്സിനേഷനിൽ 200 എണ്ണം വളർത്തുനായ്ക്കളെ എൻറോൾ ചെയ്തതായി വാക്സിനേഷൻ രജിസ്റ്ററിൽ ചേർത്തിരിക്കുന്നു. വാക്സിനേഷൻ രജിസ്റ്ററിൽ എൻറോൾ ചെയ്യപ്പെട്ട വളർത്തുനായ്ക്കളുടെ (Domestic Dogs) ഉടമസ്ഥർ എല്ലാം കങ്ങഴ ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ളതാണ് എന്നാണ് മേൽവിലാസത്തിൽ ചേർത്തിരിക്കുന്നത്. വളർത്തുനായകളുടെ ലൈസൻസിങ്ങ് പൂർണ്ണമായും നടപ്പായില്ല എന്നാണ് വാക്സിനേഷൻ എണ്ണവും ലൈസൻസ് എണ്ണവും തമ്മിലുള്ള അന്തരം സൂചിപ്പിക്കുന്നത്. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.20/2022-23/01.08.2023) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുമെന്നാണ് അറിയിച്ചത്. വളർത്തുനായ്ക്കളുടെ ലൈസൻസിങ്ങ് 2023-24 സാമ്പത്തിക വർഷം മുതൽ സമ്പൂർണ്ണമായി നടപ്പാക്കി വിവരം പ്രഥമ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-27 ഇ-ടെൻഡർ ഫീസ് -ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചില്ല

ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പാക്കുന്ന പ്രോജക്ടുകളുടെ ടെൻഡർ ഫീസ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വെയ്ക്കുന്നത്. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാണ്. 2019-20 വരെയുള്ള ടെൻഡർ ഫീസുകൾ ലഭ്യമായതായി അറിയിച്ചിട്ടുണ്ട്. എന്നാൽ 2020-21, 2021-22, 2022-23 വർഷങ്ങളിലെ ടെൻഡർ ഫീസ് നാളിതുവരെ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ടി വർഷങ്ങളിൽ ലഭിക്കാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ലഭിക്കാനുള്ള തുക |
|---|---|
| 2020-21 | 97,106/- |
| 2021-22 | 22,270/- |
| 2022-23 | 36,350/- |
| ആകെ | 1,55,726/- |

ഇ-ടെൻഡർ ഫീസ് തിരികെ ഗ്രാമ പഞ്ചായത്തിന് ലഭിക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിക്കുന്നതാണ് എന്ന വിവരം ഗ്രാമപഞ്ചായത്ത് എക്സിറ്റ് മീറ്റിങ്ങിൽ അറിയിച്ചിട്ടുണ്ട്. തുക ലഭ്യമാക്കി ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 ഇടയിരിക്കപ്പുഴ കാർഷിക പുനർജീവന കേന്ദ്രം-തുടർ നടപടികൾ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഇടയിരിക്കപുഴയിൽ 2018-19 വർഷം 2.13 കോടി രൂപ നബാർഡ് വിഹിതവും 11ലക്ഷം രൂപ തനത് ഫണ്ട് വിഹിതവും വകയിരുത്തി തയ്യാറാക്കിയ പ്രോജക്ടായിരുന്നു ഇത്. രണ്ട് നിലകളിലായി 991.08m2 വിസ്തീർണ്ണമുള്ള പ്രസ്തുത കെട്ടിടത്തിൽ 10 മുറികളും 7 ഹാളുകളും സജ്ജീകരിച്ചിട്ടുണ്ട്. നാളിതുവരെ 1,57,07,000/- രൂപ നബാർഡ് വിഹിതവും 6,59,972/-രൂപ തനത് ഫണ്ട് വിഹിതവും ഉൾപ്പെടെ ആകെ 1,63,66,968/- രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജലലഭ്യതയ്ക്കായി പ്രോജക്റ്റ് നം. 179/23 പ്രകാരം 1,50,000/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം ചെലവഴിച്ച് ഭൂജലവകുപ്പിൽ തുക നിക്ഷേപിച്ചിരുന്നുവെങ്കിലും

കുഴൽക്കിണർ നിർമ്മാണവേളയിൽ ജലലഭ്യത ഉണ്ടായില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പുതിയ ജലസ്രോതസ്സ് കണ്ടെത്തി ജലലഭ്യത ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇലക്ട്രിഫിക്കേഷൻ, വാട്ടർ കണക്ഷൻ ഉൾപ്പടെയുള്ളവ എസ്റ്റിമേറ്റ് പ്രകാരം നബാർഡ് വിഹിതം വിനിയോഗിച്ച് ചെയ്യാമായിരുന്നു. എന്നാൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചാണ് ആയവ പൂർത്തിയാക്കിയത്. ഇത് ക്രമപ്രകാരമല്ല. നബാർഡ് വിഹിതം വകയിരുത്തിയവയ്ക്ക് ടി വിഹിതം തന്നെ വിനിയോഗിക്കാതിരുന്നത് പ്രസ്തുത പ്രോജക്റ്റിനായി അനുവദിച്ച നബാർഡ് ഫണ്ട് നഷ്ടമാകുന്ന സാഹചര്യം ഉണ്ടാകുന്നു. പ്രസ്തുത വിഷയത്തിലേക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.



ഗ്രാമപഞ്ചായത്തിലെ ജനറൽ കമ്മറ്റിയുടെ 18-1-23 ലെ 13(1) നമ്പർ തീരുമാനപ്രകാരം കെട്ടിടത്തിന് വാടക നിർണ്ണയിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകി തീരുമാനമെടുത്തിട്ടുണ്ട്. വാടക നിർണ്ണയിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വഴി ചീഫ് എഞ്ചിനീയർക്ക് അയച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. വാടക തിട്ടപ്പെടുത്തി ലഭിക്കുന്ന മുറയ്ക്ക് കെട്ടിടം ലേലനടപടികൾ നടത്തി പഞ്ചായത്തിന് വരുമാനദായകമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 വ്യക്തിഗത മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

പഞ്ചായത്തിന്റെ ജീവനക്കാർക്ക് 2022-23 അനുവദിച്ച ഓണം അഡ്വാൻസ് തുകയിൽ 2 ജീവനക്കാരുടെ 16,000/- രൂപയും (കണക്ക് ശീർഷകം-460100101) 2 ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ടിൽ നിന്നും അധികമായി ക്രഡിറ്റ് ചെയ്യപ്പെട്ട 21,220/- രൂപയും (കണക്ക് ശീർഷകം-460100199) ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. 2022-23 മുൻകൂർ രജിസ്റ്റർ പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ/ ജീവനക്കാരിയുടെ പേര് | തസ്തിക/ ഉദ്യോഗപ്പേര് | ക്രമീകരിക്കാനുള്ള തുക |
|---|---|---|---|
| 1. | ലക്ഷ്മി എസ്. പിള്ള | സീനിയർ ക്ലാർക്ക് | 12,000/- |
| 2. | ശൈലജ സി. പണിക്കർ | ക്ലാർക്ക് | 4,000/- |
| 3. | തോമസ് വി. കുരുവിള | അസിസ്റ്റന്റ് സെക്രട്ടറി | 12,250/- |
| 4. | അജയകുമാർ കെ. കെ. | അക്കൗണ്ടന്റ് | 8,970/- |
| ആകെ ക്രമീകരിക്കാനുള്ള തുക (31/03/2023) | | | 37,220/- |

മറ്റ് പഞ്ചായത്തിലേക്ക് സ്ഥലംമാറ്റം ലഭിച്ച ജീവനക്കാർക്ക് നൽകിയ മുൻകൂറുകളാണ് (ക്രമ നം. 1, 2, 4) ക്രമീകരിക്കാതെ തുടരുന്നത്. ടി ജീവനക്കാരുടെ മുൻകൂറുകൾ അതാത് സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കി മുൻകൂർ ശീർഷകത്തിൽത്തന്നെ വരവായി അക്കൗണ്ട് ചെയ്യേണ്ടതാണ്. ക്രമ നം.3 നിലവിൽ പഞ്ചായത്തിലുള്ള ജീവനക്കാരനായതിനാൽ ശമ്പള റിക്കവറി വഴി അക്രൂവൽ ആയോ ഫ്രണ്ട് ഓഫീസിൽ

നേരിട്ട് രസീത് ചെയ്യോ അടവാക്കാവുന്നതാണ്. ജീവനക്കാരുടെ മുൻകൂറുകൾ ക്രമീകരിക്കുന്നതാണ് എന്നാണ് 02/08/2022 ലെ ഓഡിറ്റ് എക്സിറ്റ് മീറ്റിങ്ങിൽ വിവരം അവതരിപ്പിച്ചപ്പോൾ സെക്രട്ടറി മറുപടി നൽകിയത്. മേൽപട്ടികയിലെ നാല് ജീവനക്കാരുടെ മുൻകൂറുകൾ ക്രമീകരിച്ച് വിശദാംശങ്ങൾ ഉൾപ്പെടെ ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടി നൽകേണ്ടതാണ്.

## 1-29-1 തൊഴിലുറപ്പ്/സാക്ഷരത മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു

പഞ്ചായത്തിന്റെ 31/03/2023 ബാലൻസ് ഷീറ്റ് പ്രകാരം 1,070,851/- രൂപ തൊഴിലുറപ്പിന് അഡ്വാൻസ് നൽകിയത് ക്രമീകരിക്കാനുണ്ട്. 2022-23 വർഷം 10.69 ലക്ഷം അഡ്വാൻസ് നൽകിയതിൽ 5.85 ലക്ഷം മാത്രമാണ് ക്രമീകരിച്ചത്. മുൻവർഷങ്ങളിലേതുൾപ്പെടെ തൊഴിലുറപ്പിന് നൽകിയ മുൻകൂറുകൾ മതിയായ അലോട്ട്മെന്റ് ലഭ്യമാക്കി ക്രമീകരിക്കാതെ തുടരുന്നതാണ് 10 ലക്ഷത്തിലധികം മുൻകൂർ അവശേഷിക്കാൻ കാരണം. പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കാൻ മതിയായ തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി മുൻകൂർ തുക 2023-24 വർഷം തന്നെ ക്രമീകരിക്കാനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

2017-18 വർഷം സാക്ഷരത പ്രേരകുമാർക്ക് ഹോണറേറിയത്തിനായി മുൻകൂർ നൽകിയ 60,779/- രൂപ 4 വർഷങ്ങൾക്ക് ശേഷം 31/03/2023 ലും ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു (2022-23 Deposit Register). അടിയന്തിരമായി ടി തുക ക്രമീകരിച്ച് വിവരം ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-29-2 നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം വിവിധ ഏജൻസികളിൽ നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയിൽ പ്രവൃത്തി പൂർത്തീകരിക്കാതെയുള്ള നിക്ഷേപങ്ങളുടെ വിവരം പഞ്ചായത്തിന്റെ 2022-23 മുൻകൂർ രജിസ്റ്റർ പ്രകാരമുള്ളത് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | തുക (ലക്ഷത്തിൽ) |
|---|---|
| കേരള വാട്ടർ അതോറിറ്റി(KWA) | 44.46 |
| കെ.എസ്.ഇ.ബി.(KSEB Ltd.) | 26.30 |
| ഭൂജല വകുപ്പ്(GWD) | 19.81 |
| ആകെ | 90.57 |

നിർവ്വഹണ ഏജൻസികളിൽ അവശേഷിക്കുന്ന 90.57 ലക്ഷം രൂപയിൽ 90.16 ലക്ഷം രൂപയും 2019-20 വർഷം മുതലുള്ള നിക്ഷേപമാണ് എന്നാണ് മുൻകൂർ രജിസ്റ്ററിൽ കാണുന്നത്. ഭൂജല വകുപ്പിൽ 13,650/- രൂപ 2014-15 വർഷത്തേതും കെ.എസ്.ഇ.ബി.യിൽ 27,250/- രൂപ 2011-12 വർഷത്തേതും ഉൾപ്പെടെ 40,900/- രൂപ വളരെ വർഷങ്ങളായി നിക്ഷേപമായി തുടരുന്നതായും കാണുന്നു. ടി നിക്ഷേപങ്ങളുടെ വിനിയോഗ വിവരം അതാത് ഏജൻസികളുമായി ബന്ധപ്പെട്ട് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2019-20 വർഷം മുതലുള്ള 90.16 ലക്ഷം നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം അതാത് ഏജൻസികളുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കേണ്ടതാണ്. നിക്ഷേപ പ്രവൃത്തികൾ പ്രസിഡന്റ്, വാർഡ് മെമ്പർ, സെക്രട്ടറി എന്നിവർ ഉൾപ്പെട്ട മോണിറ്ററിങ്ങ് സമിതി പരിശോധിച്ച് പുരോഗതിയും പൂർത്തീകരണവും നിരീക്ഷിക്കേണ്ടതാണ്. പ്രവൃത്തികളുടെ പൂർത്തീകരണത്തിനു ശേഷം വിനിയോഗ സാക്ഷ്യപത്രവും മോണിറ്ററിങ്ങ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-30 പൊതു ടാപ്പുകളുടെ വെള്ളക്കരം-കുടിശ്ശിക ഒഴിവാക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്

2022-23 വർഷം 154 വാട്ടർ ടാപ്പുകളുടെ വെള്ളക്കരം അടവാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ മാർച്ച് 2023 ലെ ഡിമാൻഡ് നോട്ടീസിൽ 14,21,715 രൂപ കുടിശ്ശിക ഉൾപ്പെടെ മുൻബാക്കി അടവാക്കാനായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തൻമാസ ഡിമാൻഡ് മാത്രമാണ് പഞ്ചായത്ത് അടവാക്കിയിരുന്നത്.

വെള്ളക്കരം അടവാക്കുന്നത് സംബന്ധിച്ച A2.2232/20/20.05.22 നമ്പർ ഫയൽ പരിശോധനയിൽ 2013-14 ൽ 9788 രൂപ മാത്രമായിരുന്ന കുടിശ്ശികയാണ് വാട്ടർ അതോറിറ്റി നിലവിൽ ഭീമമായ കുടിശ്ശികയായി ഡിമാൻഡ് ചെയ്ത് വരുന്നതെന്ന് കണ്ടു. പിഴപ്പലിശ ഉൾപ്പെടെയുള്ള കുടിശ്ശിക ഒഴിവാക്കി നൽകുന്നതിന് കാലാകാലങ്ങളിൽ പഞ്ചായത്ത് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും വാട്ടർ അതോറിറ്റി അനുകൂലമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സർക്കാർ തലത്തിൽ ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 17/29.07.23 നൽകിയ മറുപടിയിൽ പിഴപ്പലിശ ഒഴിവാക്കി നൽകുന്നതിന് ബഹു.ജലസേചന വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിയ്ക്കാൻ 28.04.23-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി 10(1) ആയി തീരുമാനം കൈക്കൊണ്ടിരുന്നു എന്ന് മറുപടി നൽകി. തുടർ നടപടി സ്വീകരിച്ച് കുടിശ്ശിക ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. 21.10.2022ൽ നടത്തിയ സംയുക്ത പരിശോധനയിൽ നിലവിലുണ്ടായിരുന്ന 154 ടാപ്പുകളിൽ 51 പഴയ ടാപ്പുകളും 3 പുതിയ ടാപ്പുകളും ഉൾപ്പെടെ 54 ടാപ്പുകൾ മാത്രം പ്രവർത്തിക്കുന്നതായി ഉറപ്പാക്കിയിട്ടുണ്ട്. എന്നാൽ 2022-23 വർഷവും സംയുക്ത പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ ഡിമാന്റിൽ വരുത്തിയിട്ടില്ല. ആയതിനാൽ 100 ടാപ്പുകളുടെ വെള്ളക്കരം 10/2022-ന് ശേഷം പഞ്ചായത്ത് അധികമായി ഒടുക്കി വരുന്നു. ഈ ഇനത്തിലുള്ള ചെലവ് നഷ്ടം ഒഴിവാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും 54 ടാപ്പുകളുടെ മാത്രം വെള്ളക്കരം ഡിമാൻഡ് ചെയ്ത് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കാനുള്ള നടപടികളുടെ പുരോഗതി അറിയിക്കേണ്ടതുമാണ്.

### 1-31 ഇ-ടോയ്‌ലറ്റ് ഉപയോഗയോഗ്യമാക്കേണ്ടതാണ്

പത്തനാട് സാംസ്കാരിക നിലയത്തിനു മുൻവശത്തായി സ്ഥാപിച്ചിരിക്കുന്ന ഇ-ടോയ്‌ലറ്റ് ഉപയോഗശൂന്യമായ നിലയിലാണെന്ന് 01/08/23 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടു. ഇ-ടോയ്‌ലറ്റിന്റെ വാട്ടർ ചാർജ്ജ്, കറന്റ് ചാർജ് ഇനത്തിൽ ദ്വൈമാസം യഥാക്രമം 500, 168 രൂപ നിരക്കിൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അടവാക്കുന്നുണ്ട്. ഇ-ടോയ്‌ലറ്റ് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് പഞ്ചായത്ത് ഭരണസമിതിയും സെക്രട്ടറിയും 02/08/2023 ലെ എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചു. വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം.21/02.08.2023-ന് മറുപടി ലഭ്യമാക്കിയില്ല. ഇ-ടോയ്‌ലറ്റ് ഉപയോഗയോഗ്യമാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

### 1-32 മാലിന്യ പരിപാലനം - എം സി എഫിൽ കെട്ടിക്കിടക്കുന്ന മാലിന്യം നീക്കം ചെയ്യുന്നതിനുള്ള നടപടി ഫലപ്രദമല്ല

മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് 2022-23 ൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ചുവടെ ചേർത്തിരിക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് | തുക |
|---|---|---|
| 1 | 90/23 , ഹരിത സഹായ സംഘം , SEUF നുള്ള വിഹിതം - കുടിശ്ശിക തുക കൈമാറൽ | 24979 ( സി എഫ് സി)<br>793 (തനത് ഫണ്ട് ) |
| 2 | 137/23 , ഹരിത സഹായ സംഘം, SEUF നുള്ള വിഹിതം കൈമാറൽ | 128395 (വികസന ഫണ്ട് (പൊതുവിഭാഗം))<br>52208 (സി എഫ് സി) |
| 3 | 13/23, മാലിന്യ നിർമ്മാർജ്ജനം | 295600(സി എഫ് സി) |
| | ആകെ | 501975 |

ഹരിത കർമ്മസേനയ്ക്ക് മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശം നൽകാനായി ക്രമനം 1 , 2 എന്നിവ പ്രകാരവും പഞ്ചായത്തിലെ പ്രധാന പോയിന്റുകളിൽ നിന്നും ജൈവമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനായി ബാബു എം.കെ. എന്നയാൾക്ക് ക്രമ നം.3 പ്രകാരവും തുക നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന് സമീപമുള്ള എം സി എഫിൽ നിന്ന് ക്ലീൻ കേരളാ കമ്പനി മാലിന്യം നീക്കം ചെയ്യാത്തതിനാൽ എം സി എഫിനുള്ളിലും ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്ന പരിസരത്തും മാലിന്യം കുമിഞ്ഞു കൂടിയിരിക്കുകയാണ്.



മാലിന്യനീക്കത്തിനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്രമ നം.3 പ്രകാരം ജൈവമാലിന്യങ്ങൾ ശേഖരിക്കുന്നത് ശാസ്ത്രീയമായി സംസ്കരിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതി ഉറപ്പുവരുത്തേണ്ടതാണ്.

1-33 ജിഎസ് ടി- സ്രോതസ്സിൽ കുറവ് വരുത്തേണ്ട വിഹിതം കുറവ് ചെയ്തില്ല

സ.ഉ(അച്ചടി)നം.87/2017/തസ്വഭവ തീയതി 1.11.17 പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2.5ലക്ഷത്തിന് മുകളിൽ കരാർ തുക വരുന്ന പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിൽ നിന്നും 2% GST(TDS) കുറവ് ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ നിന്നും 2% GST ഈടാക്കിയതിന്റെ വിവരം ഫയലിൽ ചേർത്തിട്ടില്ല.

| പ്രോജക്ട് നം., പ്രോജക്ട് | ജിഎസ്ടി (ടിഡിഎസ്) തുക | റിമാർക്സ് | നിർവ്വഹണം |
|---|---|---|---|
| 43/23 , അങ്കണവാടികളെ സ്മാർട്ട് അങ്കണവാടി നിലവാരത്തിലേയ്ക്ക് ഉയർത്തൽ | 598325 (മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)) | ആർട്ട്കോ, കോട്ടയം നിന്നും ഫർണ്ണിച്ചർ വാങ്ങി. | ഐ സി ഡി എസ് സൂപ്പർവൈസർ |
| 85/23 , വയോജനങ്ങൾക്ക് കട്ടിൽ വിതരണം | 307499 വികസനഫണ്ട് (പൊതുവിഭാഗം) | സിഡ്കോ, കോട്ടയം നിന്നും കട്ടിൽ വാങ്ങി. | ഐ സി ഡി എസ് സൂപ്പർവൈസർ |
| 73/23, | 348924 | കെ എം | സെക്രട്ടറി |

| | | | |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | (വികസന ഫണ്ട് (പൊതുവിഭാഗം)) | ടെക്നോളജീസിൽ നിന്നും ഡെസ്ക് ടോപ്പ്, ലാപ്പ് ടോപ്പ്, കളർ പ്രിന്റർ വാങ്ങി | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/29.07.2023-ന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സ്ഥാപനങ്ങൾ 18% ജി എസ് ടി സർക്കാരിലേയ്ക്ക് അടവാക്കിയതിന്റെ/സ്രോതസ്സിൽ കുറവ് വരുത്തിയതിന്റെ വിവരം നൽകേണ്ടതാണ്.

1-34 ടേക്ക് എ ബ്രേക്ക് -പ്രവർത്തനസജ്ജമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 33/22 |
| അടങ്കൽ | 18,20,000/-( ശുചിത്വമിഷൻ)+<br>8,14,235/-(തനത് ഫണ്ട് )<br>----------------<br>26,34,235/- |
| ചെലവ് | 6,86,375/-( ശുചിത്വമിഷൻ)+<br>6,79,750/-(തനത് ഫണ്ട്<br>ചെക്ക് നം. 3361580/10-1-23)<br>-------------------<br>13,66,125/- |
| കരാറുകാരൻ | സജന ഹാരിസ് |
| കരാർ | 33/AE/LSGD/21-22 Dt 21-2-22 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാരിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശിച്ചിരുന്നു. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതു ശുചിമുറികൾ സ്ഥാപിക്കുക (വഴിയിട വിശ്രമകേന്ദ്രം) എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.



പൊതുമരാമത്ത് വകുപ്പ് കറുകച്ചാൽ നിരത്ത് സെക്ഷന്റെ അധികാരപരിധിയിൽ വരുന്ന വാഴൂർ ചങ്ങനാശ്ശേരി റോഡിൽ 22/100 കി.മീ നിന്ന് 3 മീറ്റർ മാറി 8.18m വീതിയിൽ പൊതുമരാമത്ത് വകുപ്പ് ഭൂമിയിൽ വിശ്രമകേന്ദ്രവും കഫേത്തേരിയയും നിർമ്മിക്കുന്നതിന് പിഡബ്ല്യുഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്ത് വിഭാഗം അനുമതി നൽകിയിട്ടുണ്ട് (കത്ത് നമ്പർ 19/2/22ലെ എബി 1/358/2020). 2021-22 വർഷം തയ്യാറാക്കിയ പ്രോജക്ട് പ്രകാരം 21-2-22ൽ പ്രവൃത്തി ആരംഭിക്കുകയും ആകെ 28,62,103/- രൂപ ചെലവഴിച്ച് ടോയ്‌ലെറ്റ് സമുച്ചയങ്ങൾ, കഫത്തേരിയ എന്നിവ നിർമ്മിക്കുകയും ചെയ്തിരുന്നു. ഫിനിഷിങ്ങ് വർക്കുകൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. കുഴൽക്കിണർ നിർമ്മിച്ചുവെങ്കിലും വാട്ടർകണക്ഷൻ നൽകാൻ അവശേഷിക്കുന്നു. നിർമ്മാണം പൂർത്തീകരിക്കാൻ 2023-24 വർഷം പ്രോജക്റ്റ് തയ്യാറാക്കി വരുന്നതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് പൊതുജനാവശ്യത്തിനായി തുറന്നു നൽകിയിട്ടില്ലയെന്ന് 01/08/23 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടു. സർക്കാരിന്റെ "വഴിയിടം വിശ്രമ കേന്ദ്രം" എന്ന ആശയം പ്രാവർത്തികമാക്കാൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് സമുച്ചയം പൊതുജനങ്ങൾക്ക് പ്രയോജന പ്രദമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-35 ശ്മശാന നവീകരണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമപഞ്ചായത്ത് വക ശ്മശാനം നവീകരണത്തിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷം ആരംഭിക്കുകയും 2022-23 വർഷം സ്പിൽ ഓവറായി തുടരുകയും ചെയ്ത പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊ.നം | 39/23 ഗ്രാമപഞ്ചായത്ത് വക ശ്മശാനം നവീകരണം- അധിക വിഹിതം | 32/23 ശ്മശാനം നവീകരണം |
|---|---|---|
| അടങ്കൽ | 929984(CFC) | 1848000 (CFC) |
| ചെലവ് | 665804(ബിൽ നം311/28-3-23) | 1471148(ബിൽ നം122/7-1-23, 288/28-3-23) |
| കരാറുകാരൻ | ജെയ്മോൻ ജയിംസ് | ജെയ്മോൻ ജയിംസ് |
| കരാർ | 38/AE/LSGD/Ka 21-22 Dtd 2/3/2022 | 37/AE/LSGD/Ka 21-22 Dtd 2/3/2022 |

ഗ്രാമപഞ്ചായത്ത് വക ശ്മശാനം നവീകരണത്തിനായി ആദ്യ പ്രോജക്റ്റ് പ്രകാരം ആകെ 8,00,690/- രൂപ (2021-22 ലെ ചെലവ് ഉൾപ്പടെ) ചെലവഴിച്ചിട്ടുണ്ട്. മേൽപറഞ്ഞ രണ്ടു പ്രോജക്റ്റുകൾക്കുമായി ആകെ 22,71, 838/- രൂപ (8,00,690/- + 1,471,148) ചെലവഴിച്ചിട്ടുണ്ട്. RCC റീറ്റെയിനിങ്ങ് വാൾ, ഡ്രൈറബിൾ മേസണറി, ഗേറ്റ് പില്ലർ, സോളിഡ് ബ്ലോക്ക് മേസണറി എന്നിവ ചെയ്ത് ഭൂമിയുടെ സംരക്ഷണം ഉറപ്പാക്കിയിട്ടുണ്ട്. ശ്മശാനം നിർമ്മാണത്തിനുള്ള സെല്ലുകൾ, അനുബന്ധകെട്ടിടങ്ങൾ എന്നിവയുടെ പൂർത്തീകരണം അവശേഷിക്കുന്നു.



തുടർ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് പൂർണ്ണമായും തയ്യാറാക്കിയിരുന്നില്ല. 1-8-23ന് പ്രസ്തുത സ്ഥലം അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തുകയുണ്ടായി. സ്ഥലത്തേയ്ക്കുള്ള വഴി കാട് പിടിച്ച് പ്രവേശനം ദുഷ്കരമായ അവസ്ഥയിലാണ്. പ്രസ്തുത പ്ലോട്ടിലേക്കുള്ള വഴി കോൺക്രീറ്റ് ചെയ്യുക എന്നത് പ്രാഥമികമായി നടപ്പാക്കേണ്ട കാര്യമാണ്. തുടർ പ്രവർത്തനങ്ങൾ പുരോഗമിച്ചില്ലെങ്കിൽ നാളിതുവരെ ചെലവഴിച്ച തുക പാഴ്ചെലവായി മാറുന്ന സാഹചര്യമുണ്ടാകുന്നു. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ സജീവ ശ്രദ്ധ ക്ഷണിക്കുന്നു.

1-36 പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ പേര് | കൈമാറിയ തുക | ബിൽ നമ്പർ തീയതി | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|---|
| 1 | 57/23 , കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി വിഹിതം കൈമാറൽ - സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന | 50000 ((വികസന ഫണ്ട് പൊതുവിഭാഗം)) | 10/ 27.08.22 | കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| 2 | 08/23 ഗ്രാമനിലാവ്-ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2375467(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 87/28.11.22 | 3,67,467 (കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ വാഴൂർ) 2008000 (കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ പത്തനാട്) |
| 3 | 22/23 സെന്റർ നം. | 6000( തനത് ഫണ്ട് ) | / 27.04.22 | ഗ്രൗണ്ട് വാട്ടർ |

| | | | | |
|---|---|---|---|---|
| | 36 കാരുവേലി അങ്കണവാടിക്ക് കുഴൽക്കിണർ നിർമ്മാണം | | | ഡിപ്പാർട്ട്മെന്റ് |
| 4 | 169/23 മുണ്ടത്താനം സബ്സെന്റർ ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററായി ഉയർത്തൽ - NHM ന് വിഹിതം കൈമാറൽ | 500000 (മെയിന്റനൻസ് ഫണ്ട് (റോഡിതരം)) | 25/16.12.22c | ജില്ലാ പ്രോഗ്രാം മാനേജർ, ആരോഗ്യ കേരളം |
| 5 | 179/23,കാർഷിക പുനരുജ്ജീവന കേന്ദ്രം കെട്ടിടത്തിന് കുഴൽക്കിണർ നിർമ്മാണം | 150000 (ധന.കമ്മീഷൻ ഗ്രാന്റ്) | 234/17.03.23 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം |
| 6 | 178/23, ടേയ്ക്ക് എ ബ്രേയ്ക്കിന് കുഴൽക്കിണർ നിർമ്മാണം | 125000 (ധന.കമ്മീഷൻ ഗ്രാന്റ്) | 233/16.03,23 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം |
| 7 | 208/23 , വാർഡ് 13 സി എം എസ് എൽ പി സ്കൂൾ കുഴൽക്കിണർ നിർമ്മാണം | 142500(ധന.കമ്മീഷൻ ഗ്രാന്റ്) | 237/17.03.23 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം |
| 8 | 206/23,മുണ്ടത്താനം സബ്സെന്ററിന് കുഴൽക്കിണർ നിർമ്മാണം | 150000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 235/17.03.23 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം |
| 9 | 207/23, അങ്കണവാടികൾക്ക് കുഴൽക്കിണർ നിർമ്മാണം | 250000 (ധന.കമ്മീഷൻ ഗ്രാന്റ്) | 236/17.03.23 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, കോട്ടയം |
| 10 | 54/23,2022-23 വർഷത്തെ IKM വിഹിതം | 54042 (വികസനഫണ്ട് (പൊതു)) | 08/22.08.22 | പ്രോഗ്രാം ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ |

മേൽ പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/29.07.23 ന് മറുപടിയായി പ്രോജക്ടുകളുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നറിയിച്ചു. പൂർത്തീകരണ / വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതു വരെ ചെലവഴിച്ച 38,03,009/- രൂപ

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-37 ആസ്തി പരിപാലനം

പഞ്ചായത്തിലെ ആസ്തികളുടെ ഡിജറ്റലൈസേഷനും, റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുമായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. 76/23 പ്രകാരം 35000 രൂപ 2022-23 ൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ആർ - ട്രാക്ക് സോഫ്റ്റ്‌വെയറിൽ നിലവിലെ ആസ്തി രജിസ്റ്റർ പ്രകാരമുള്ള ആസ്തികളെല്ലാം ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ മുഴുവൻ ആസ്തികളും ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടില്ല. ആസ്തി പരിപാലന മാനേജ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ രജിസ്റ്ററിൽ ഉൾപ്പെടാത്ത ആസ്തികൾ കൂടി ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കുവാനും ആസ്തികൾ പൂർണ്ണമായും ആർ - ട്രാക്ക് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കേണ്ടതാണ്.

### 1-38 പകൽവീട്

പകൽവീട് വൈദ്യുത കണക്ഷനായി ചെക്ക് നം. 2851/04.01.23 പ്രകാരം 2354 രൂപ ചെലവഴിച്ചിരുന്നു. കൂടാതെ ഫർണിച്ചർ വാങ്ങലിനായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. 136/23 പ്രകാരം 50000 രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 01/08/23 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിടത്തിന് വാട്ടർ കണക്ഷൻ ലഭിച്ചിട്ടില്ലെന്ന് കണ്ടു. വാട്ടർ കണക്ഷൻ ലഭ്യമാകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പകൽവീട്ടിൽ സമയം ചെലവഴിക്കുന്ന മുതിർന്ന പൗരന്മാരുടെ മാനസികോല്ലാസത്തിനും, വരുമാനമാർഗ്ഗമാകുന്നതുമായ തൊഴിലിലേർപ്പെടാൻ സഹായിക്കുന്ന സംവിധാനങ്ങൾ ഒരുക്കി നൽകാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 1-39 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതുണ്ട് എന്ന് നിർദ്ദേശിക്കുന്നു. ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി ആരംഭിക്കുന്നതിന് തീരുമാനിച്ചെങ്കിലും നാളിതു വരെ രൂപീകരിച്ചിട്ടില്ല. പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറും, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അംഗവുമായി സബ് കമ്മിറ്റി രൂപീകരിച്ച് അക്കൗണ്ട് ആരംഭിച്ച് അർഹതപ്പെട്ടവർക്ക് ധനസഹായം ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്. ദുരിതാശ്വാസ നിധി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ദുരിതാശ്വാസ നിധി ധനശേഖരണാർത്ഥം കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. ദുരിതാശ്വാസനിധി സമാഹരിച്ച് അർഹതപ്പെട്ടവർക്ക് ആവശ്യമായ സന്ദർഭങ്ങളിൽ ധനസഹായം നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 22/06/2023-ലെ 1/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ 23/06/2023 ലെ എ1-01/23 നം. കത്ത് മുഖേനയും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 24/07/2023, 25/07/2023 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2022-23 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2023-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2022-23 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 1,971,645/- രൂപയും വാഴൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 24.24 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം ധനകാര്യ പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | 58,000/- | ലൈഫ് ഭവന നിർമ്മാണം - പട്ടികവർഗ്ഗ വിഭാഗം (46/23) | 58,000/- | 0 |
| | 1,000,000/- | ലൈഫ് ഭവന നിർമ്മാണ പദ്ധതി - ജനറൽ (50/23) | 1,000,000/- | 0 |
| | 100,000/- | അങ്കണവാടി പോഷകാഹാരം (4/23) | 100,000/- | 0 |
| | 142,500/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത (84/23) | 142,500/- | 0 |
| | 490,000/- | ലൈഫ് ഭവന പദ്ധതി - | 490,000/- | 0 |

| | | | | |
|---|---|---|---|---|
| | | പട്ടികജാതി വിഭാഗം (51/23) | | |
| | 181,145/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (77/23) | 181,145/- | 0 |
| ആകെ | 1,971,645/- | ജില്ല പഞ്ചായത്ത് വിഹിതം | 1,971,645/- | 0 |
| വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | 94,000/- | ലൈഫ് ഭവന നിർമ്മാണം - പട്ടികവർഗ്ഗ വിഭാഗം (46/23) | 94,000/- | 0 |
| | 100,000/- | അങ്കണവാടി പോഷകാഹാരം (4/23) | 100,000/- | 0 |
| | 225,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത (84/23) | 225,000/- | 0 |
| | 1,755,000/- | ലൈഫ് ഭവന പദ്ധതി - പട്ടികജാതി വിഭാഗം (51/23) | 1,755,000/- | 0 |
| | 250,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (77/23) | 250,000/- | 0 |
| ആകെ | 2,424,000/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2,424,000/- | 0 |

ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകൾ നേരിട്ട് പഞ്ചായത്തിൽ നൽകാതെ പ്രോജക്ട് മാപ്പിങ്ങിലൂടെ നേരിട്ട് ഗുണഭോക്തൃ അക്കൗണ്ടുകളിൽ ക്രഡിറ്റ് ചെയ്യുന്നു. കൂടാതെ പഞ്ചായത്തിന് മുൻവർഷങ്ങളിൽ ലഭിച്ച ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് വിഹിതങ്ങളിൽ പ്രോജക്ട് രൂപീകരിച്ച് ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന 414,872/- രൂപ സർക്കാർ തൻവർഷം തിരികെയെടുത്തിട്ടുണ്ട്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷത്തിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് KSEB, ഭൂജല വകുപ്പ്(GWD), National Health Mission(NHM) എന്നീ നിർവ്വഹണ ഏജൻസികളിൽ സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലൂടെ തുക നിക്ഷേപിച്ചിട്ടുണ്ട്. മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്റ്റ് നം.) | മുൻകൂർ നൽകിയത് | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| ഭൂജല വകുപ്പ് (GWD) | സെന്റർ നമ്പർ-36 കാരുവേലി അങ്കണവാടിക്ക് കുഴൽ കിണർ നിർമ്മാണം(22/23) | 6,000/- | 6,000/- | ഇല്ല |
| | ടേക്ക് എ ബ്രേക്ക് പൊതു ശൗചാലയം കെട്ടിടത്തിന് കുഴൽ കിണർ നിർമ്മാണം (178/23) | 125,000/- | ഇല്ല | 125,000/- |
| | കാർഷിക പുനർജീവന കേന്ദ്രം കെട്ടിടത്തിന് കുഴൽ കിണർ നിർമ്മാണം (179/23) | 150,000/- | ഇല്ല | 150,000/- |
| | മുണ്ടന്താനം സബ് സെന്ററിന് കുഴൽ കിണർ നിർമ്മാണം മോട്ടോർ സ്ഥാപിക്കൽ (206/23) | 150,000/- | ഇല്ല | 150,000/- |
| | അങ്കണവാടികൾക്ക് കുഴൽ കിണർ നിർമ്മാണം മോട്ടോർ സ്ഥാപിക്കൽ (207/23) | 250,000/- | ഇല്ല | 250,000/- |
| | ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന ഗവൺമെന്റ് എയ്ഡഡ് സ്കൂളുകൾക്ക് കുഴൽ കിണർ നിർമ്മാണം മോട്ടോർ സ്ഥാപിക്കൽ(208/23) | 142,500/- | ഇല്ല | 142,500/- |
| | ആകെ GWD-യിൽ നിക്ഷേപിച്ചത് | 823,500/- | 6,000/- | 817,500/- |
| KSEB | ഗ്രാമനിലാവ്-ഗ്രാമപഞ്ചായത്തിലെ | 2,375,467/- | ഇല്ല | 2,375,467/- |

| | | | | |
|---|---|---|---|---|
| | വിവിധ വാർഡുകളിൽ സ്ടീറ്റ് മെയിൻ സ്ഥാപിക്കൽ (8/23) | | | |
| നാഷണൽ ഹെൽത്ത് മിഷൻ(NHM) | മുണ്ടന്താനം സബ് സെന്റർ ഹെൽത്ത് ആന്റ് വെൽനെസ് സെന്ററാക്കി ഉയർത്തൽ (169/23) | 500,000/- | ഇല്ല | 500,000/- |

2022-23 വർഷം 22/23 നം. പ്രോജക്റ്റിൽ GWD യിൽ നിക്ഷേപിച്ച 6,000/- രൂപയും മുൻവർഷങ്ങളിൽ GWD യിൽ നിക്ഷേപിച്ച 50,000/- രൂപയും ഉൾപ്പെടെ ആകെ 56,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട് (അഡ്വാൻസ് രജിസ്റ്റർ പ്രകാരം).

169/23 നം. പ്രോജക്റ്റ് പ്രകാരം NHM-ൽ നിക്ഷേപിച്ച 5 ലക്ഷം രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത മൂലം പ്രസ്തുന നിക്ഷേപം 31/03/2023 ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ പ്രതിഫലിച്ചിട്ടില്ല. പ്രസ്തുത നിക്ഷേപ തുക Advance To NHM ശീർഷകത്തിലേക്ക് ക്രമീകരിച്ച് അക്കൗണ്ടിങ്ങ് അപാകത 2023-24 വർഷം പരിഹരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഗ്രാമപഞ്ചാത്ത് ഫണ്ടിൽ നിന്നും 2022-23 സാമ്പത്തിക വർഷം കൺവീനർ പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2022-23 വർഷം പഞ്ചായത്തിന് ലൈഫ് പദ്ധതിക്കായി KURDFC വായ്പ എടുത്തിട്ടില്ല. നിലവിലുള്ള വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം 31/03/2023-ൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ (KURDFC) | ജിഒ (എം.എസ്) 68/2018 /തസ്വഭവ/ 18.05.2018 | 3,866,226/- | ഇല്ല | 1,468,040/- | - | 2,398,186/- |

സെക്രട്ടറിയുടെ 215/23, 220/23 നം. പ്രോജക്റ്റുകൾ പ്രകാരം വികസന ഫണ്ടിൽ (General) നിന്നും ആകെ 1,125,360/- രൂപയും 216/23, 221/23 നം. പ്രോജക്റ്റുകൾ പ്രകാരം വികസന ഫണ്ടിൽ (SCSP)-യിൽ നിന്നും 342,680/- രൂപയും ഉൾപ്പെടെ ആകെ 1,468,040/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത് ക്രമീകരിച്ചാണ് KURDFC വായ്പ തിരിച്ചടവ് നടത്തിയത്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ധനകാര്യ പത്രിക പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത രജിസ്റ്റർ പ്രകാരം 2022-23 വർഷം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് ഖണ്ഡികകളിലെ നിർദ്ദേശങ്ങൾ പ്രകാരം വിവിധ ഇനങ്ങളിലായി 38,751/- രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | അടവാക്കിയ തുക/വരവിനം | തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|---|
| 1. | 2012-13 | 2-3-4 | 300/- തൊഴിൽ നികുതി | വിജയകുമാർ | 1220101526/ 24.08.2022 |
| 2. | 2005-06, 2006-07 | 2-2.a | 5,000/- തൊഴിൽ നികുതി | സെക്രട്ടറി, സർവ്വീസ് സഹകരണ ബാങ്ക്, പത്തനാട് | 1220101676/ 14.09.2022 |
| 3. | 2020-21 | 3-1 | 3,876/- പാൽ സബ്സിഡി തിരിച്ചടവ് (17/21) | പ്രതീഷ് കുമാർ, ഡയറി ഫാം ഇൻസ്ട്രക്ടർ | 1220101527/ 24.08.2022 |
| 4. | 2020-21 | 1-16(1) | 3325/- തൊഴിൽ നികുതി & PI | പ്രിൻസിപ്പാൾ, ജി.ഐ.റ്റി. കങ്ങഴ | 1220101707/ 19.09.2022 |
| 5. | 2005-06 | 2-2.a | 2,500/- തൊഴിൽ നികുതി | മാനേജർ, SBI ഇടയിരിക്കപ്പുഴ | 1220000479/ 27.09.2022 |
| 6. | 2006-07 | 2-2.a | 2,500/- തൊഴിൽ നികുതി | മാനേജർ, SBI ഇടയിരിക്കപ്പുഴ | 1220000480/ 27.09.2022 |
| 7. | 2011-12 | 2-6-1 | 2,500/- തൊഴിൽ നികുതി | മാനേജർ, SBI ഇടയിരിക്കപ്പുഴ | 1220000481/ 27.09.2022 |
| 8. | 2005-06, 2006-07 | 2-2.a | 5,000/- തൊഴിൽ നികുതി | മാനേജർ, ജില്ല സഹകരണ ബാങ്ക്, പത്തനാട് | 1220102009/ 15.10.2022 |
| 9. | 2005-06, 2006-07, | 2-2.a, 2-1-3 | 6,250/- തൊഴിൽ | മാനേജർ, SBI | 1220000571/ 19.10.2022 |

| | | | | | |
|---|---|---|---|---|---|
| | 2007-08 | | നികുതി | മുണ്ടത്താനം | |
| 10. | 2005-06 | 2-2.a | 2,500/- തൊഴിൽ നികുതി | മാനേജർ, SBI മുണ്ടത്താനം | 1220102237/ 10.11.2022 |
| 11. | 2005-06, 2006-07 | 2-2.a | 5,000/- തൊഴിൽ നികുതി | പ്രസിഡന്റ്, ഗവൺമെന്റ് അധ്യാപക സഹകരണ സംഘം | 1220102403/ 17.11.2022 |
| ഓഡിറ്റ് റിക്കവറിയായി ആകെ അടവാക്കിയത് 38,751/- രൂപ | | | | | |

ക്രമ നം.3 പ്രകാരമുള്ള ഓഡിറ്റ് റിക്കവറി 3,876/- രൂപ സർക്കാരിലേക്ക് ഒടുക്കാനുള്ള തുകയാണ്. 350100110 ബാധ്യത ശീർഷകത്തിലുള്ള ടി തുക സർക്കാരിലേക്ക് നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വരെ പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ (Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-5 | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തികൾ-നടപടിക്രമങ്ങളിലെ വീഴ്ചകൾ | കാലിക സ്ഥിതി വിവരം ലഭ്യമല്ല |
| 2014-15 | 2-4 | 2016-17 | അനുബന്ധം-3 | വസ്തു നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| | 2-2, 2-3-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | |
| 2015-16 | 2-4-1, 2-4-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | ,, |
| 2019-20 | 1-23 | 2020-21 Part-I | അധ്യായം-1.3 ഖ. 1(8) | കുഴൽക്കിണർ നിർമ്മാണം പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

## 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്-മുന്നിരിപ്പ് ഉൾപ്പെടെ (റസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 48,266,322/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 38,177,684/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 103,331,796/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 102,315,277/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,803,009/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-36 | 3,803,009/- | മുഹമ്മദ് റഹീബ് റ്റി., സെക്രട്ടറി |
| ആകെ | 3,803,009/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 112659/- (SGST-56,329.50 CGST-56,329.50) | മുഹമ്മദ് റഹീബ് റ്റി., സെക്രട്ടറി |
| 1-25 | 4539/- (SGST-2,269.50 CGST-2,269.50) | മുഹമ്മദ് റഹീബ് റ്റി., സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

. ഭരണസമിതി തുടർപരിശോധന നടത്തേണ്ടത് – ഖണ്ഡിക 1-32, 1-34, 1-35

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മുഹമ്മദ് റഹീബ് റ്റി., | സെക്രട്ടറി, കങ്ങഴ ഗ്രാമപഞ്ചായത്ത് | ഋങ്കൻ പറമ്പിൽ, കങ്ങഴ (പി.ഒ.), |

| | | |
|---|---|---|
| സെക്രട്ടറി | | പത്തനാട്, കോട്ടയം-686541. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/07/2023 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.-കെ.ടി.എം.പി5(അദാ-2022)/1887(3)/2022 /27.08.2022 | 2 |
| 2003-04 (ചെലവ്) | എൽ.എഫ്.കെ.പി11/1190 /06/23.03.2007/07.09.2007 | - |
| 2004-05 | കെ.എസ്.എ.-കെ.ടി.എം.പി5(അദാ-2018)-188(8)/2018/01.02.2018 | 1 |
| 2005-06 | കെ.എസ്.എ.-കെ.ടി.എം-പി5(അദാ-2022)/1887(4)/2022 /27.08.2022 | 3 |
| 2006-07 | കെ.എസ്.എ.-കെ.ടി.എം-പി5(അദാ-2022)/1307(1)/2022 /27.08.2022 | 6 |
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി5(അദാ-2018)-188(11)/2018/21.02.2018 | 5 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി5(അദാ-2022)/1887(5)/2022 /27.08.2022 | 2 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി5(അദാ-2022)/1664(1)/2022 /27.08.2022 | 2 |
| 2010-11 | കെ.എസ്.എ.-കെ.ടി.എം.പി5/2081/2022 /10.10.2022 | 4 |
| 2011-12 | കെ.എസ്.എ.-കെ.ടി.എം.പി5(അദാ-2022)/1664(3)/2022 /27.08.2022 | 8 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി5(അദാ-2022)/1887(1)/2022 /27.08.2022 | 13 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി5(അദാ-2022)/1307(2)/2022 /27.08.2022 | 9 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം-പി5(അദാ-2022)/1307(3)/2022/27.08.2022 | 11 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി5(അദാ-2022)/1307(4)/2022 /27.08.2022 | 12 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി5(അദാ-2022)/1307(5)/2022 /27.08.2022 | 9 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി5/ 1307(6)/2022 /12.09.2022 | 9 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി5/ 1307(7)/2022 /14.09.2022 | 8 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി5/ 1307(8)/2022 /13.09.2022 | 5 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി5/ 2080/2022 /27.10.2022 | 14 |
| 2021-22 | കെ.എസ്.എ.-കെ.ടി.എം.പി5-153/ 2023/ 12.07.2023 | 23 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 22-06-2023 and submitted on 23-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kangazha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kangazha Grama Panchayat for the year 2022-2023

Date: 18/10/2023

Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Kangazha Grama Panchayat for the Year 2022-2023.

**1.Major Observations**

1. Non Disclosure of Assets-Assets not classified, evaluated and accounted-Asset Register has not updated
2. Non Disclosure of Capital Contribution-Capital contribution opening balance details, fundwise capital contribution of current year are not available
3. Non disclosure of Liability-The accuracy of General Fund as on 31.03.2023 is not clear since the authorized records of Assets and Liabilities are not available as on 01.04.2011(OBRP).

**2.Other Observations**

1. Government and other dues register not maintained

2. Grant Refund expenditure of 8,239/- accounted as redumption receivable from Government instead of accounting as payment.
3. Advance income adjustments-not properly recorded in demand registers
4. Previous year Profession Tax (Employees) accounted as current year income instead of prior period tax.
5. Rent receipt-exemption amount not accounted properly.
6. Details of Capital Work in Progress and its adjustments are not maintained
7. Payment voucher-misclassification-Advance of 5 Lakhs to National Health Mission not accounted in Advance head of account
8. Payment voucher-misclassification-Advances are accounted in direct payment head.
9. Payment voucher-misclassification-Advance to Saksharatha prerak
10. Assets Generated during current year-detailed project wise and fundwise data not provided
11. Beneficiary contribution-Direct expenditures incurred for projects not accounted
12. Individual account heads are not used for accrual payments. All types of payment accruals done in single liability account head
13. Vacancy Remission of Property Tax not accounted. Amount of Vacancy Remission are not reflected in Financial Statement

DEPUTY DIRECTOR
KERALA STATE AUDIT DEPT.
DISTRICT AUDIT OFFICE, KOTTAYAM

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്